REGD. No. M. 4374.

Annual Subscription Rs. 5/-

# മാപ്പിള റിവ്യൂ

# The MAPPILLA REVIEW

VOL 4 | JULY 1944 | No. 3



Printed by K. A. KRISHNAN at the Empire Press, Calicut. Edited & Published by K. ABUBUCKER.

# CALENDAR

## 1944

| | July | | | | | August | | | | |
|---|---|---|---|---|---|---|---|---|---|---|
| S | 30 | 2 | 9 | 16 | 23 | | 6 | 13 | 20 | 27 |
| M | 31 | 3 | 10 | 17 | 24 | | 7 | 14 | 21 | 28 |
| T | | 4 | 11 | 18 | 25 | 1 | 8 | 15 | 22 | 29 |
| W | | 5 | 12 | 19 | 26 | 2 | 9 | 16 | 23 | 30 |
| T | | 6 | 13 | 20 | 27 | 3 | 10 | 17 | 24 | 31 |
| F | | 7 | 14 | 21 | 28 | 4 | 11 | 18 | 25 | |
| S | 1 | 8 | 15 | 22 | 29 | 5 | 12 | 19 | 26 | |

## The Standard Furniture Co., Ltd.,

**KALLAI, MALABAR.**

**Manufacturers of**

**HOUSEHOLD**

**and**

**OFFICE FURNITURE**

*Branches :-*

MADRAS— 34/35 General Patters Road, Mount Road.
TRICHINOPOLY-Promenade Road, Cantt.
COIMBATORE— Avanasi Road.
BANGALORE— Kempegowda Road, Bangalore City.




CHANK BRAND

ശംഖ്മാക്ക്

കൈത്തറി ലുങ്കികൾ, കൈ
ലേസുകൾ മുതലായവ മാദ്ദ
വവും, ധരിപ്പാൻ സുഖവും,
ഭംഗിയിൽ നിമ്മിതവുമാണ്.

**MOHAMED ABOOBACKER & CO.**

YARN & HAND LOOM PRODUCTS MERCHANTS
PHONE. 4477- GRAMS "KYLEKING"
95. THAMBU CHETTY ST.-G.T. MADRAS.

Telephone: No. B. B. 2987
Telegrams: "CHANKLUNGI"
65/11-12, Lower Chitpur Road, CALCUTTA

&

Telegrams: "CHANKMARK'
DOOR No, 84
East Veli Street, MADURA.

മുഹമ്മദ് അബൂബെക്കർ & കമ്പനി.

84 ഈസ്റ്റ് വെളിസ്റ്റ്റീററ്, മധുര.

# Contents


| | | |
|---|---|---|
| 1. | Prophet's message to youth—M. Khader Hussain | 1 |
| 2. | Some Educational Statistics—P. C. M. Raja B. A., L. T., | 3 |
| 3. | Transmutation of Elements—N. Muhamad B. Sc. | 5 |
| 4. | (Short Story)—Chandrahasan | 8 |
| 5. | Some Great Books of the World—K. A. Kodungallur | 12 |
| 6. | Mutability (Poem)—C. Narayanan Nair M. A., L. T. | 13 |
| 7. | Plato—the King of Philosophers—M. Narayanan B.A., L.T. | 14 |
| | Children's Column | |
| 8. | From Paris—Khan Bahadur K. Muhamad M. A. | 17 |
| 9. | Notes. | 21 |



THE CORONATION LITHO WORKS

MILL, SOAP, MATCHES, BEEDI, PERFUMERY AND
All Other Colour Label Printers

**DHRAMA VILLA BUILDINGS**
**SIVAKASI**
**S. I. RY.**

*Solicit enquiries for your colour label requirements. Favourable Rates.*

**PROMPT DESPATCH.**

സീതാറാം റെസ്റ്റ്ഹൌസ്

നിങ്ങൾ അടുത്ത തവണ പാലക്കാട്ടോ, കൊടുവായൂരോ വരുമ്പോൾ "സീതാറാം" റെസ്റ്റ്ഹൌസ് സന്ദൎശിച്ചു നോക്കുക. യാത്രക്കാൎക്കു താമസത്തിന്നുള്ള ഒരു അനുഗ്രഹമാണതെന്നു നിങ്ങൾക്ക് അനുഭവപ്പെടും.

*Prop:*—K. S. RAMA IYER.

# I. S. & C. MACHADO,

GENERAL MERCHANTS

FORWARDING & SHIPPING AGENTS,

**TUTICORIN**

**Telegraphic Address: "MACHADO"** **Telephone No. 1**

## Forwarding and Shipping Business - A Speciality For the Past 60 Years.

**PROMPT ATTENTION AND SATISFACTION GUARANTEED.**

**We are Government Authorised Country Craft Agents.**

ഫോർവാഡിങ്ങും ഷിപ്പിങ്ങും ഏറെറടുത്തു നടത്തുന്നു.

നാടൻ വഞ്ചികൾക്ക് ഗവമ്മേണ്ടു അധികാരപ്പെടുത്തിയ ഏജൻറുമാർ.

## വിശ്വാസത്തെ ഉദ്ദീപിപ്പിക്കുന്ന സ്ഥിതിവിവരകണക്കുകൾ

മുമ്മൂന്നാണ്ടു കൂടുമ്പോഴുണ്ടാകുന്ന വില തിട്ടപ്പെടുത്തൽ റിപ്പോട്ടനുസരിച്ചുള്ള ഇരുപത്തി

മൂന്നാമത്തെ റിപ്പോർട്ട് വെളിപ്പെടുത്തുന്നത് തൃപ്തികരമായ മരണാനുഭവവും

ചുരുങ്ങിയ ചിലവു നിരക്കും ആകുന്നു.

കമ്പനിയുടെ ബാദ്ധ്യതകളെ മൂന്നു ശതമാന പലിശ നിരക്കിൽ

വില തിട്ടപ്പെടുത്തിയതിൽ കഴിഞ്ഞ മൂന്നാണ്ടത്തെ

അററലാഭം രൂപാ 15088092

പാളിസിധാരകന്മാക്കായുള്ള നിക്ഷേപം തന്നിമിത്തം

54 ലക്ഷം രൂപാകൂടി വദ്ധിച്ചിട്ടുണ്ട്.

പ്രഖ്യാപനം ചെയ്യപ്പെട്ട ബോണസ്സ്

മുഴുജീവിത രക്ഷാഭോഗ പാളിസികൾക്ക് 1000-രൂപാക്ക് പ്രതിവർഷം 12½-രൂപാ

എൻഡോമെൻറ് രക്ഷാഭോഗ പാളിസികൾക്ക് 1000രൂപാക്ക് പ്രതിവഷം 10 രൂപാ

# ഓറിയൻറൽ

ഗവമ്മേൻറു സെക്യൂറിററി ലൈഫ് അഷ്വറൻസ് കമ്പനി (ക്ലിപ്തം)

1874-ൽ ഇന്ത്യയിൽ റജിസ്റ്റർചെയ്തത്

ഹെഡ് ആഫീസ് ബോംബെ

ബ്രാഞ്ച് ആഫീസ്—8/54 ജെയിൽ റോഡ് കോയമ്പത്തൂർ.

## The South India Corporation (Madras) Ltd.,

### CALICUT H. O. Chettinad.

1. കമേർസിയൽ എമ്പോറിയം, മിഠായിത്തെരുവ്, കോഴിക്കോട്.

ഇവിടെ കൈത്തറിയിലും മില്ലുകളിലും ഉണ്ടാക്കപ്പെടുന്ന എല്ലാംവിധ ശീലത്തരങ്ങളും വില്ക്കപ്പെടുന്നു.

2. പ്രൊഡ്യൂസ് ഡിപ്പാർട്ട്മെൻറ്, വലിയങ്ങാടി, കോഴിക്കോട്.

അരി, മണ്ണെണ്ണ മുതലായവ മൊത്തമായും, മററധാന്യങ്ങൾ, എണ്ണകൾ, ഈത്തപ്പഴം(കാരക്ക)മുതലായവ മൊത്തമായും ചില്ലറയായും ഇവിടെ കച്ചവടംനടത്തുന്നു.

3. ഹാഡ്വെയർ & എലക്ട്രിക്കൽ ഡിപ്പാർട്ട്മെൻറ്, വലിയങ്ങാടി, കോഴിക്കോട്.

ഇവിടെ സൈക്കിൾ, സ്പെയർപാർട്ടുകൾ, എലക്ട്രിക്ക് സാമഗ്രികൾ, ഇരുമ്പ്-പിച്ചള സാമാനങ്ങൾ മുതലായവ വില്ക്കപ്പെടുന്നു.

4. മലബാർ ടിമ്പർ സ്റ്റോർസ്, കല്ലായി.

ഇവിടെ എല്ലാവിധ മരത്തരങ്ങളും ഉരുപ്പടിയായും പണിത്തരമായും കച്ചവടം നടത്തുന്നു.

N. B. റോബിൻസൺ റോഡിലുണ്ടായിരുന്ന ഹാഡ് വെയർ & എലക്ട്രിക്കൽ ഡിപ്പാർട്ടുമെൻറ് ഇപ്പോൾ വലിയങ്ങാടിയിലേക്കു സ്ഥലമാററം ചെയ്തിരിക്കുന്നു.

**Distributors:- BLOOD VITA & ASCUE PAINTS**

---

## സുബൈദ

(റജിസ്റ്റേഡ് ട്രേഡ്മാർക്ക്)

നവീന രീതിയിലുള്ള തുണിസാമാനങ്ങൾ, സ്ത്രീപുരുഷന്മാർക്കും കുട്ടികൾക്കുംവേണ്ടി തയ്യാറാക്കപ്പെട്ട പരിഷ്കൃതരീതിയിലുള്ള ഉടുപ്പുകൾ, എപ്പോഴും തയ്യാർ. വിലയും സഹായം.

തയ്യൽക്കാരനെ തിരഞ്ഞലയേണ്ട.

മിതമായ ചാർജ്ജിന്നു പൊതുജനങ്ങൾക്ക് വേണ്ട എല്ലാതരം ഡ്രസ്സുകളും ഓഡർപ്രകാരം ചെയ്തുകൊടുക്കുന്നതിന്നു തയ്യൽ ശാല പ്രത്യേകം.

Branch:
Avanasi Road,
Coimbatore.

**ZUBEIDA FANCY STORES**
Opposite to Law College
**G. T. MADRAS.**

# മാപ്പിള റവ്യൂ

പുസ്തകം 4. | 1944 ജൂലായി | ലക്കം 3.

## യുവാക്കളോടു പ്രവാചകന്റെ സന്ദേശം

എം. ഖാദർ ഹുസ്സൈൻ

പ്രയാസമേറിയ ഒരു കലയാണ് ജീവിതം. നിസ്സാരമെന്ന വിധത്തിലല്ല അതിനെ അഭിമുഖീകരിക്കേണ്ടതു്. ഇത്തരം ജീവിതം മഹനീയമായിത്തീരും, മുസ്ലിംയുവാക്കന്മാർ ആ ഗുരുവിനെ—ദൈവം തിരഞ്ഞെടുത്ത പ്രവാചകനായ മുഹമ്മദ് മുസ്തഫായെ—അനുകരിക്കുന്നുവെങ്കിൽ മാത്രം. സത്യം ഉപദേശിച്ചു, ലോകത്തെ സത്യവിശ്വാസത്തിലേക്കു വീണ്ടെടുക്കുന്നതിന്നു ദൈവം അയച്ച മനുഷ്യൻ അദ്ദേഹമാണ്. സർവ്വനിയന്താവായ ദൈവം ശിശുക്കളെ മാതാപിതാക്കളിൽ ഭരമേല്പിച്ചതു അവരെ ഉത്തമന്മാരും നിയമാനുസാരികളുമായ പൌരന്മാരായി വളർത്തിക്കൊണ്ടുവരുന്നതിന്നാണ് എന്നാണദ്ദേഹം ഉപദേശിച്ചതു്. അതുപോലെതന്നെ, കുട്ടികൾക്കു തങ്ങളുടെ മാതാപിതാക്കളോടും ഒരു കടമയുണ്ട്. തങ്ങളെ ലോകത്തിൽ അവതരിപ്പിച്ചു, ശൈശവത്തിൽ വാത്സല്യമസൃണരായി അതിസൂക്ഷ്മതയോടുകൂടി പോററിരക്ഷിച്ചതിനെ അവർ ഒരു കാലത്തും മറക്കരുതെന്നാണദ്ദേഹം അരുളിച്ചെയ്തതു്.

അറേബിയയിലെ ആ പ്രവാചകൻ അവർക്കുപദേശിച്ച കർമ്മമാർഗ്ഗം ഇവയാണ്: നിങ്ങളുടെ മാതാപിതാക്കളോടു ഭക്തിയുള്ളവരായിരിക്കുക. ഉപകാരദാതാക്കൾക്കും, ദീനജനങ്ങൾക്കും, ആപത്തിൽപ്പെട്ടവർക്കും, നിർധനർക്കും ആവശ്യപ്പെട്ട സഹായങ്ങൾ നല്കുക. ന്യായമായി മാത്രം സംസാരിക്കുക. സർവ്വദാതാവായ ദൈവത്തെ വന്ദിക്കുകയും അന്യർക്കു ദാനധർമ്മങ്ങൾ ചെയ്യുകയും ചെയ്യുക. ശുശ്രൂഷക്കും സേവനത്തിന്നും ഉള്ള സകല സന്ദർഭങ്ങളും സ്വീകരിച്ചു, അന്യർക്കു, സ്വന്തം പേരിലെന്നപോലെ സേവനം നൽകുക. ഔദ്ധത്യവും പ്രതിജ്ഞയും, കുടിയും, ചൂതാട്ടവും, അന്ധവിശ്വാസങ്ങളും ഉപേക്ഷിക്കുക. സ്വന്തം നടപടിയും, വിശ്വാസദാർഢ്യവും, ഐക്യവും, അച്ചടക്കവും, അനുസരണശീലവും, ആത്മാർത്ഥതയും കൊണ്ടു അന്യർക്കു സ്വയം മാതൃകയായിരിക്കുക, ദൈവേച്ഛ സാധിപ്പിക്കുക. ദൈവേച്ഛയാണ് ന്യായമായിട്ടുള്ളതും തന്റെ സൃഷ്ടികൾക്കനുഗുണമായിട്ടുള്ളതും. യാതൊന്നും ഭയപ്പെടാതെ, സത്യം ദീക്ഷിക്കുകയും, കപടമനസ്ഥിതിക്കാരിൽനിന്നൊഴിഞ്ഞുമാറുകയും ചെയ്യുക. ഭൂതദയയും ദൃഢനിശ്ചയവും ഉള്ളവരുമായി സഹവസിക്കുക. വെറുപ്പോടുകൂടി ദാനംചെയ്യുന്നതിലും അഭികാമ്യമായിട്ടുള്ളതാണു ക്ഷമയും സ്നേഹവചനങ്ങളും. മനുഷ്യരെ സ്നേഹംകൊണ്ടളക്കുക; അവിവേകം ദൈവനിർദ്ദിഷ്ടമാർഗ്ഗങ്ങളിൽനിന്നു നിങ്ങളെ വ്യതിചലിപ്പിക്കുമെന്നതിനാൽ അതനുസരിച്ചു യാതൊന്നും ചെയ്യാതിരിക്കുക. അന്യരിൽ

നിന്നു ദാനധർമ്മങ്ങൾ ലഭിക്കണമെന്നു ദൈവത്തോടു പ്രാൎത്ഥിക്കാതിരിക്കുക. നിങ്ങളുടെ മുറമാത്രം അനുഷ്ഠിക്കുകയും, ഔദ്ധത്യം ഉൾക്കൊള്ളാതിരിക്കുകയും ചെയ്യുക. നിങ്ങളുടെ കുടുംബങ്ങളോടും സഹോദരന്മാരോടും വാത്സല്യവും സ്നേഹവും ഉള്ളവരായി അവൎക്കു വിജ്ഞാനം നൽകുക. സൃഷ്ടിയുടെ ഉദ്ദേശം സാക്ഷാത്കരിക്കുക. ജീവിതം അൎഹിക്കുന്ന ഗൌരവത്തോടുകൂടി സ്വീകരിച്ചു ദൈവസന്ദേശാനുസൃതം പ്രവൎത്തിക്കുക.''

അറേബിയയിലെ പ്രവാചകൻ ഉപദേശിക്കുന്നു ദീനരേയും, രോഗികളേയും, അനാഥരേയും ശുശ്രൂഷിക്കുകയാണ് ദൈവത്തിലേക്കുള്ള മാൎഗ്ഗമെന്ന്. ദൈവത്തിന്റെ ദയയും കാരുണ്യവും മനുഷ്യരോടു മാത്രമല്ല ഉള്ളതു്. സകലമാന സൃഷ്ടികളും അവിടുത്തെ ദൃഷ്ടിയിൽ സമന്മാരാണ്.

ക്ഷമയോടുകൂടി അക്ഷീണം പരിശ്രമിച്ചു മനുഷ്യസമുദായത്തിന്റെ പുരോഗതി നേർവഴിക്കു സാധിക്കുവാനാണദ്ദേഹം ഉപദേശിച്ചതു്. അദ്ദേഹം തന്റെ അനുയായികളോടാവശ്യപ്പെടുന്നു: "വിജ്ഞാനം സമ്പാദിക്കുക, കാരണം വിജ്ഞാനം നേടിയവൎക്കു മാത്രമെ ന്യായാന്യായങ്ങൾ വിവേചിച്ചറിയുവാൻ സാധിക്കുകയുള്ളൂ; വിജ്ഞാനമാണ് സ്വൎഗ്ഗത്തിലേക്കുള്ള പന്ഥാവിൽ വെളിച്ചം വീശുന്നതു്. മരുഭൂമിയിൽ നമ്മുടെ സുഹൃത്തും, ഏകാന്തതയിൽ നമ്മുടെ സഖിയും, നിരാശ്രയതയിൽ സഹായിയുമാണു അതു്. അതു നമ്മെ സുഖത്തിലേക്കാനയിക്കുന്നു; കഷ്ടകാലങ്ങളിൽ അതു നമ്മെ സഹായിക്കുന്നു; സ്നേഹിതന്മാരുടെ ഇടയിൽ ഭൂഷണവും, ശത്രുക്കളുടെ ഇടയിൽ കവചവുമാണതു്. ജ്ഞാനിയായ ദൈവഭൃത്യൻ മഹൽഗുണങ്ങളുടെ അധിത്യകാസ്ഥാനത്തും മുക്തിയിലേക്കുള്ള മഹനീയസ്ഥാനത്തും വൎത്തിക്കുന്നു.''

മനുഷ്യനും മനുഷ്യനും തമ്മിൽ നിഷ്കൃഷ്ടമായ നീതിയും സാഹോദൎയ്യവുമാണദ്ദേഹം ഉപദേശിക്കുന്നതു്. വാക്കിലും പ്രവൃത്തിയിലും സത്യമാണാവശ്യം എന്നാണദ്ദേഹത്തിന്റെ നിൎബ്ബന്ധം; അതുകൊണ്ടു മാത്രമെ അദ്ദേഹത്തിനു തൃപ്തിയുള്ളൂ. മിതവ്യയം, ധൎമ്മനിഷ്ഠ, ദീനജനസേവനം, ജ്ഞാനാവിജ്ഞാനാന്വേഷണം ഇവയാണദ്ദേഹം ഉപദേശിച്ചതു്.

അങ്ങിനെ ദൈവം നിശ്ചയിച്ചരുളിയ പ്രവാചകൻ—മുഹമ്മദ് (സ)—മനുഷ്യൎക്കു സാമുദായികവും രാഷ്ട്രീയവും സന്മാൎഗ്ഗികവും ആത്മീയവും ആയ സകല പുരോഗതിയിലേക്കുമുള്ള മാൎഗ്ഗം നിർദ്ദേശിച്ചുതന്നിരിക്കുന്നു. അദ്ദേഹത്തിന്റെ സന്ദേശം എന്നെന്നേക്കുമുള്ളതാണ്. അദ്ദേഹത്തിന്റെ ജീവിതം ഔന്നത്യകോടിയിൽ വൎത്തിക്കുന്നതുമാണ്.

അദ്ദേഹത്തിന്റെ മഹനീയജീവിതത്താലും, സന്ദേശത്താലും, ജീവിതചൎയ്യകളാലും പ്രേരിതരായി ഇന്നത്തെ മുസ്ലിംയുവാക്കന്മാർ ഉണൎന്നെഴുന്നേൽക്കുമോ ?


**Neo Kerala National Hotel**

320 Waltax Road, P. T. Madras.

സെണ്ട്റൽ സ്റ്റേഷനടുത്ത് എലക്ട്രിക്ക് ഫിററിങ്ങ്സോടുകൂടിയ ഒന്നാന്തരം മലയാളിഹോട്ടൽ. മിതമായ ചാൎജ്ജ്. നിങ്ങളുടെ മദിരാശി യാത്രയിൽ ഞങ്ങളെ ഒന്നു സന്ദൎശിക്കുക.

# വിദ്യാഭ്യാസസംബന്ധമായ ചില കണക്കുകൾ

പി. സി. എം. രാജാ, ബി. ഏ., എൽ. ടി.

ഇന്ത്യയിൽ 1931-ലെക്കാരം സാക്ഷരത്വം സിദ്ധിച്ചവർ 70 ശതമാനം 1941-ലെ കണക്കുപ്രകാരം വർദ്ധിച്ചിട്ടുണ്ടത്രെ. 1931-ൽ 1000 ത്തിൽ 82 പേർക്ക് മാത്രമേ അക്ഷരാഭ്യാസം സിദ്ധിച്ചിരുന്നുള്ളു; അന്നു ഒരു നാഴിക ശരാശരി സ്ഥലത്തിൽ 156 പുരുഷന്മാരും 29 സ്ത്രീകളും എഴുത്തും വായനയും വശമുള്ളവരായിരുന്നു. കഴിഞ്ഞ സെൻസസ് പ്രകാരം പഞ്ചാബിലെ സാക്ഷരത്വപുരോഗതി വിസ്മനീയമത്രെ; എഴുത്തും വായനയും അറിയുന്ന പുരുഷന്മാരുടെ തുക 110 ശതമാനം കണ്ടും, സ്ത്രീകളുടേത് 390 ശതമാനം കണ്ടും വർദ്ധിച്ചു! എന്നാൽ വിദ്യാഭ്യാസപുരോഗതി 1941-ൽ ഏററവും കുറഞ്ഞത് ഐക്യസംസ്ഥാനത്തിലാണ്; 1931-ൽനിന്നും സാക്ഷരത്വമുള്ള പുരുഷന്മാർ 70 ശതമാനം കണ്ടും സ്ത്രീകൾ 170 ശ. കണ്ടും വർദ്ധിച്ചിട്ടുപോലും, ഐക്യസംസ്ഥാനത്തിൽ ഇന്നു 8 ശ. മാത്രമാണ് അക്ഷരജ്ഞാനം സിദ്ധിച്ചവർ. 1941-ൽ ഇന്ത്യയിൽ 1000ത്തിൽ 95 പേർക്ക് അക്ഷരാഭ്യാസം ലഭിച്ചിട്ടുണ്ട്.

പണ്ടത്തെപ്പോലെ ബോംബായിസംസ്ഥാനമാണ് സാക്ഷരത്വവിഷയത്തിൽ ഇന്നും മുന്നണിയിൽ നില്ക്കുന്നതു്; പിന്നെയാണ് ബങ്കാളിന്റെ സ്ഥാനം. ബോംബായിൽ 30 ശ. പുരുഷന്മാർക്കും 9 ശ. സ്ത്രീകൾക്കും എഴുത്തും വായനയുമറിയാമെങ്കിൽ ബങ്കാളിൽ അതു് യഥാക്രമം 25 ശ. വും, 7 ശ. വുമാണ്. തിരുവിതാംകൂർ, കൊച്ചി നാട്ടുരാജ്യങ്ങളിൽ 45 ശ. ജനതക്കും അക്ഷരജ്ഞാനമുണ്ട്; അവിടങ്ങളിൽ 56 ശ. പുരുഷന്മാരും. 34 ശ. സ്ത്രീകളും അക്ഷരാഭ്യാസമുള്ളവരാണ്. ബ്രി. ഇന്ത്യയിലെ ഏതു സംസ്ഥാനത്തിലുമുള്ള സാക്ഷരത്വം സിദ്ധിച്ച സ്ത്രീകളുടെ സംഖ്യയുടെ നാലിരട്ടി കണ്ടു് ഈ നാട്ടുരാജ്യസ്ത്രീകൾ വിദ്യാഭ്യാസമുള്ളവരാണ്.

കണക്കുകൾ പലരും ഉദ്ധരിച്ചതിൽ പലപ്പോഴും അന്യോന്യം അല്പം വ്യത്യാസങ്ങൾ കാണപ്പെട്ടിട്ടുണ്ടെന്ന വസ്തുത വിസ്മരിച്ചുകൂടാ. 1931-ൽ ഇന്ത്യയിൽ ഒട്ടാകെ 8211000 പേർക്ക് എഴുത്തും വായനയും അറിഞ്ഞിരുന്നതായി ഒരു കണക്ക് കാണുന്നു. (ഇന്ത്യയുടെ ഭാഗമായി ബർമ്മയെ ഉൾപ്പെടുത്തുന്നതായാൽ 1941-ൽ ഏററവും അധികം സാക്ഷരത്വമുള്ള സ്ത്രീപുരുഷന്മാരുടെ എണ്ണം ബർമ്മയിലാണത്രെ.) ആ സാക്ഷരത്വത്തിനു അത്ര അധികം മേന്മ കാണുന്നില്ലെങ്കിലും ബുദ്ധമതസന്യാസിമാർ ബർമ്മക്കാരെ സാക്ഷരത്വമുള്ളവരാക്കാൻ നന്നെ ശ്രമിച്ചതായി തെളിയുന്നുണ്ട്. ഇന്ത്യയിലെ നഗരങ്ങളിൽ 1000 ത്തിൽ 348 പുരുഷന്മാർ വീതവും 149 സ്ത്രീകൾ വീതവും അക്ഷരാഭ്യാസമുള്ളവരാണ്.

കേരളം എപ്പോഴും സാക്ഷരത്വത്തിലെന്നല്ല, ഉയന്ന വിദ്യാഭ്യാസകാര്യത്തിലും ഇന്ത്യയിലെ മറേറതു രാജ്യക്കാരേയും കവച്ചുവെയ്ക്കുന്നുവെന്നത് നമുക്കു അഭിമാനകരംതന്നെ. മലബാർജില്ലയിലെ 1/3 ഭാഗം പുരുഷന്മാർക്കും തിരുവിതാംകൂറിലെ സുമാർ $\frac{1}{2}$ ഭാഗത്തിലധികം പുരുഷന്മാർക്കും കൊച്ചിയിലെ $\frac{1}{2}$ ഭാഗത്തിനും എഴുത്തും വായനയും അറിയാം. കുടകിൽ 3ൽ 1 ആണിനുകൂടെ സാക്ഷരത്വമുണ്ടെന്നു പറയാറായിട്ടില്ല. ബറോഡാ, മൈസൂർ ഈ നാട്ടുരാജ്യങ്ങളാണ് പിന്നീട് സാക്ഷരത്വത്തിൽ പേർ കേട്ടിരിക്കുന്നതു്.

ഒരുകണക്കിൽ ഇന്ത്യയിലെ ഹിന്തുക്കൾ 1000ത്തിനു 84-ം, ശിഖർ 91-ം, ജൈനർ 353-ം, പാർസികൾ 791-ം, മുസ്ലിംകൾ 64-ം, ജൂതന്മാർ 416-ം ക്രിസ്ത്യാനികൾ 279-ം കണ്ടു സാക്ഷരത്വമുള്ളവരാണെന്നു കാണുന്നു. 1931-ലെ ജനസംഖ്യയുടെ 15 ശ. കണ്ടു് 1941-ൽ വർദ്ധിച്ചിട്ടുണ്ടത്രെ. 1941-ലെ ജനസംഖ്യ 388·8 മില്ല്യനാണത്രെ. 1941-ൽ നമ്മുടെ സംസ്ഥാനത്തിലെ 4,93,42,000 ജനങ്ങളിൽ 64,20,000 പേർക്ക് സാക്ഷരത്വമുണ്ടെന്നു കാണുന്നു. തിരുവിതാംകൂറിലെ 60,70,000 ജനങ്ങളിൽ 28944 പേർക്ക് എഴുത്തും വായനയും അറിയും. ഇന്ത്യയിലെ ഏതു് നാട്ടുരാജ്യത്തിലും സംസ്ഥാനത്തിലും ഉള്ള സാക്ഷരത്വം സമ്പാദിച്ചവരുടെ എണ്ണത്തിന്റെ ആറേഴിരട്ടി തിരുവിതാംകൂറിലുണ്ട്. അവിടെ 42ശ. പുരുഷന്മാരും 32 ശ. സ്ത്രീകളും അക്ഷരജ്ഞാനമുള്ളവരാണ്. ഒന്നാമത്തെ ഭാരതീയവനിതാമജിസ്ട്രേട്ടും, വനിതാജഡ്ജിയും തിരുവിതാംകൂർകാരിയാണ്. (ഒരു കണക്കിൽ തിരുവിതാംകൂറിലെ സ്ത്രീകളിൽ 36 ശ. നും സാക്ഷരത്വമുള്ളതായികാണുന്നു) ആ കണക്കുപ്രകാരം തിരുവിതാംകൂർകാർക്ക് 47·88 ശ. വീതവും, കൊച്ചിക്കാർക്ക് 35·43 ശതമാനംവീതവും അക്ഷരജ്ഞാനമുണ്ട്.

തിരുവിതാംകൂർ, മൈസൂർ നാട്ടുരാജ്യങ്ങളിലെ ആകെ ജനസംഖ്യ നൈസാമിന്റെ ഹൈദരാബാദിലുണ്ട്; അതായത് 1,61,94,313 ആണ്; അവരിൽ

9,39,544 പേരാണ് സാക്ഷരതയുള്ളവരെന്നു പറയപ്പെടുന്നു. ലോകത്തിലൊന്നായി ഉള്ള നിരക്ഷരകുക്ഷികളുടെ എണ്ണത്തിന്റെ 1/3 ഭാഗവും ഭാരതത്തിലാണ്. 25 മില്ല്യൻ നിരക്ഷരകുക്ഷികൾ! ഇന്ത്യയിൽ 1931 ൽ 9·5 ശ. ജനങ്ങൾക്കുമാത്രം അക്ഷരജ്ഞാനമുണ്ടായിരുന്നത് 1941-ൽ 16 ശ. ആയി വർദ്ധിച്ചിരിക്കുന്നു.

ചൈനയിലെ ജനതയിൽ 36 ശ. നിരക്ഷരതയിൽ ആണ്ടുകിടക്കുന്നു; സ്ത്രീകളുടെ സ്ഥിതി മോശമില്ലെങ്കിലും 20 ശ. ത്തിനുകണ്ടേ സർവ്വകലാശാലാവിദ്യാഭ്യാസം ലഭിച്ചിട്ടുള്ളു. 3 പാരാസ് (Paoes) കുടുംബങ്ങളുള്ളേടത്തെല്ലാം അവിടെ ഒരു സ്കൂൾ വീതമുണ്ട്. 100—150 കുടുംബമായാൽ 1 പാര (Paoe) ആയി.

1901-ൽ ഇന്ത്യക്കാരിൽ ആയിരത്തിൽ 8 കണ്ടു ആൺകുട്ടികളും 7 കണ്ട് പെൺകുട്ടികളും പ്രാഥമിക വിദ്യാഭ്യാസം വശമാക്കിക്കൊണ്ടിരുന്നുവത്രെ 1858ൽ ഇന്ത്യയിലൊട്ടാകെ 2 ലക്ഷം വിദ്യാർത്ഥികൾ പ്രാഥമികപാഠശാലയിൽ പഠിച്ചുവന്നിരുന്നു; അന്നു ഗവർമ്മേണ്ടുവക ആകെയുണ്ടായിരുന്ന പള്ളിക്കൂടങ്ങൾ 200 ആയിരുന്നു. 1910-ൽ തിരുവിതാംകൂറിൽ 1000-ത്തിനു 215 ബാലന്മാരും, 31 ബാലികമാരും പ്രാഥമികവിദ്യാഭ്യാസം ചെയ്തിരുന്നപ്പോൾ മദിരാശിയിലെ 119/1000 കണ്ട് ആൺകുട്ടികൾക്കും 9 കണ്ട് പെൺകുട്ടികൾക്കുംമാത്രമെ സാക്ഷരതയുണ്ടായിരുന്നുള്ളു. ഉടനെ ക്രിസ്ത്യൻ പാതിരിമാർ പലേടങ്ങളിലും പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു.

ഇന്ത്യയിൽ 2717 പേരിൽ ഒരാൾക്കു വീതമേ സർവ്വകലാശാല വിദ്യാഭ്യാസമുള്ളു. 868-ൽ ഒരാൾക്കു വീതം ഇംഗ്ലണ്ടിൽ സർവ്വകലാശാലാ വിദ്യാഭ്യാസമുണ്ടെന്നു കാണുന്നു. 4000-ൽ ഒരാൾ വീതമാണത്രെ ഇന്ത്യക്കാരിൽ സർവ്വകലാശാലാ ബിരുദ്സമ്പാദിച്ചവർ (Graduates). ഇംഗ്ലണ്ടിൽ 76 ശ. വും അമേരിക്കൻ ഐക്യരാജ്യങ്ങളിൽ 75ശ. വും ജനങ്ങൾക്കു ബിരുദ് (Degree) ലഭിച്ചിട്ടുണ്ട്.

1904-ൽ മലബാറിലെ ആദിദ്രാവിഡവർഗ്ഗക്കാരിൽ സ്കൂൾവയസ്സിൽ പെട്ടവരുടെ $2\frac{1}{4}$ ശ. ത്തിനു മാത്രമെ അക്ഷരാഭ്യാസമുണ്ടായിരുന്നുള്ളു. ഇന്ന് മൈസൂരിൽ 50,000 പ്രാഥമികപാഠശാലകളുണ്ടെന്നു കണക്കെടുത്തിരിക്കുന്നു. പ്രാഥമിക സ്കൂളിൽ പഠിക്കുന്ന ഭാരതീയ ബാലികമാരുടെ 60 ശ. 1-ാംക്ലാസ്സിൽ തന്നെയാണത്രെ. 1931-ൽ ബർമ്മയിൽ 32000 വില്ലേജുകളുണ്ടായിരുന്നു; അവയിൽ 20,000 ത്തിന്നും ബുദ്ധമതക്കാരുടെ വക സന്യാസിമഠവിദ്യാഭ്യാസം ലഭിച്ചിരുന്നതിനാൽ ജനസംഖ്യയുടെ 31·3 ശതമാനം സാക്ഷരതയുള്ളവരായി.

ഇന്ത്യയിൽ പ്രാഥമിക വിദ്യാലയങ്ങളിലെ ബാലന്മാരിൽ 74 ശതമാനവും V-ാംതരം കാണുന്നില്ല; 13 ശതമാനം. ബാലികമാർ മാത്രമാണ് V-ാം തരത്തിൻ കാൽവെക്കുന്നതു്. 1932-ൽ ബ്രി. ഇന്ത്യയിൽ 2 ലക്ഷം എലിമെണ്ടറി (Lower) സ്കൂൾ ഉണ്ടായിരുന്നവയിൽ പകുതിയിലും ഒററ ടീച്ചർവീതം മാത്രമേ സകല ക്ലാസ്സുകളും വിവിധപാഠങ്ങളും പഠിപ്പിക്കാൻ ഉണ്ടായിരുന്നുള്ളൂ. അന്നു പ്രാഥമിക പാഠശാലയിലെ അദ്ധ്യാപകന്മാർ ആകെ $3\frac{1}{2}$ ലക്ഷമായിരുന്നു. ഇപ്പോൾ അമേരിക്കക്കാരിൽനിന്നും ജപ്പാൻ കയ്യുശമാക്കിയ ഫിലിപ്പൈൻ ദ്വീപുകളിൽ അന്നു 50 ശ. ജനതക്കും സാക്ഷരതയുണ്ടായിരുന്നു; ചൈനയിൽ 20 ശ. വും. 1931-ൽ മദിരാശിസംസ്ഥാനത്തിൽ 9.3 ശ. വും തിരുവിതാംകൂർ കൊച്ചിരാജ്യങ്ങളിൽ യഥാക്രമം 28.9 ശ. വും 28.1 ശ. വും ബറോഡയിൽ 17·8 ശ. വും ജനങ്ങൾക്കു എഴുത്തും വായനയും അറിഞ്ഞിരുന്നു. ബ്രി. ഇന്ത്യയിൽ 1931-ൽ 6·9 ശ. ജനങ്ങൾ സാക്ഷരതയുള്ളവരായിരുന്നു, ഇന്ത്യയിൽ 1931 ൽ 2568 ലക്ഷമായിരുന്നു ജനസംഖ്യ. 1911-ൽ ബ്രി. ഇന്ത്യയിൽ 2322 ലക്ഷം ജനങ്ങളുണ്ടായിരുന്നവരിൽ 5.4 ശ. ത്തിനു എഴുത്തും വായനയും ഒരുവിധമറിയാമായിരുന്നു.

(തുടരും.)

വട്ടാമ്പൊയിൽ
വാത്തുക്കുട്ടി വൈദ്യരുടെ
പ്രസിദ്ധമായ
A. V. OIL
രക്തദൂഷ്യത്തിനു അത്യുത്തമം.
K. V. KRISHNAN
THE ANGLO INDIAN PHARMACY, CALICUT.

# വസ്തുസ്ഥിതിപരിണാമം

എൻ. മുഹമ്മത്, ബി. എസ്സ്. സി.

പ്രാചീന കാലത്തെ അധിവസിച്ചിരുന്ന ശാസ്ത്രജ്ഞന്മാർ പോലും ധാതുക്കളുടെ പരിണാമത്തിന്നു വേണ്ടി അശ്രാന്തപരിശ്രമം ചെയ്തിരുന്നു. ആദിമകാലങ്ങളിൽ രസായനശാസ്ത്രത്തെ കേവലം ഒരു മന്ത്രജാലം എന്നാണു് കരുതിപ്പോന്നിരുന്നവരുടെ എണ്ണം തുച്ഛമായിരുന്നില്ല. ജനങ്ങളെക്കബളിപ്പിക്കവിധത്തിൽ ചില പരീക്ഷണങ്ങൾ നടത്തി ശാസ്ത്രജ്ഞന്മാർ പാമരന്മാരെ അമ്പരപ്പിച്ചിരുന്നു. അങ്ങിനെയുള്ള കാലം അധികം കഴിയുന്നതിന്നു മുമ്പായിട്ടാണ് അരിസ്റ്റോട്ടൽ എന്ന പണ്ഡിതൻ വെള്ളം, തീ, ഭൂമി, വായു എന്നീ നാലുവസ്തുക്കൾ മാത്രമാണ് ലോകത്തിലെ മൂലധാതുക്കൾ എന്നുനിജപ്പെടുത്തി രസായനശാസ്ത്രത്തെ ഒന്നുപരിഷ്കരിച്ചതു്. ഇതുപോലെതന്നെ നാലു മൂലസ്വഭാവങ്ങൾ. മാത്രമേ നിലനില്ക്കുന്നുള്ളുവെന്നും, ഓരോ മൂലധാതുവിന്നും ആ സ്വഭാവങ്ങളിൽ ഏതെങ്കിലും രണ്ടു സ്വഭാവങ്ങൾ ഉണ്ടായിരിക്കുമെന്നും കൂടെ അദ്ദേഹം പ്രബോധനം ചെയ്തിരുന്നു. തണുപ്പു, വരൾച്ച, ചൂട്, നനവ് എന്നിവയായിരുന്നു ഈ നാലു മൂലസ്വഭാവങ്ങൾ. നനവിന്നും തണുപ്പിന്നും ഉപാധിയായി വെള്ളവും, നനവിന്നും ചൂടിന്നും ഉപാധിയായി വായുവും, ചൂടിന്നും വരൾച്ചയ്ക്കും ഉപാധിയായി അഗ്നിയും, തണുപ്പിന്നും വരൾച്ചക്കും ഉപാധിയായി ഭൂമിയുമായിട്ടാണ് അദ്ദേഹം വിശകലനം ചെയ്തതു്. ഇങ്ങിനെ ഒരുവസ്തുവിൻെറ ഏതെങ്കിലും ഒരു സ്വഭാവത്തിന്നു മാററം വരുത്തുമ്പോൾ ആ വസ്തുവിന്നു ഒരു രൂപാന്തരം നേരിട്ടതായി ആ പൌരാണികന്മാർ കണ്ടു. ഉദാഹരണമായി വെള്ളത്തിൻെറ സ്വഭാവങ്ങൾ തണുപ്പു്, നനവു് എന്നിവയിൽ തണുപ്പിന്നു ഒരു ഭേദഗതി വരുത്തിയപ്പോൾ, അതായതു ചൂടാക്കിയപ്പോൾ, വെള്ളം നീരാവിയായി മാറി. നീരാവി, വായുവർഗ്ഗത്തിൽ പെട്ടതായതിനാൽ വെള്ളത്തെ വായുവാക്കി മാററിയതിനെ, ഒരു ധാതുവെ മറെറാരു ധാതുവായി മാററിയതായി അവർ പരിഗണിച്ചു. തുലോം തുച്ഛമായ ഈ തത്വമാണ് പിന്നീടു മൂലധാതുക്കൾക്ക് സ്വഭാവപരിണാമം വരുത്തുക എന്ന ചിന്തയിലേക്കു ശാസ്ത്രജ്ഞന്മാരെ ഉന്നയിപ്പിച്ചതു്.

ഒരു വസ്തുവെ മറെറാന്നാക്കാൻ സാധിക്കുമെന്ന ധാരണ ശാസ്ത്രജ്ഞന്മാരുടെ ഹൃദയങ്ങളിൽ കടന്നു കൂടിയതോടുകൂടി, അവരുടെ ഒന്നാമത്തെ ശ്രമം, വില കുറഞ്ഞ ലോഹങ്ങളെ വില കൂടിയവയാക്കി മാററുക എന്നുള്ളതായിരുന്നു. ഇരുമ്പു്. തുത്തനാകം മുതലായ ലോഹങ്ങളെ സ്വർണ്ണം, വെള്ളി ഇവയാക്കി മാററാനാണ് അവർ പരിശ്രമിച്ചിരുന്നതു്. ഇവയെയെല്ലാം വെറും ഒരു സ്പർശനം കൊണ്ടു മാത്രം രൂപാന്തരപ്പെടുത്തുവാൻ സാധിക്കുന്ന ഒരു സാധനം ലോകത്തിൽ ഉണ്ടെന്നു അന്നത്തെ ശാസ്ത്രജ്ഞന്മാർ വിശ്വസിച്ചിരുന്നു. അതിൻെറ ആകൃതിയും പ്രകൃതിയും എങ്ങിനെയായിരുന്നുവെന്നോ അതിൻെറ യോഗാംഗങ്ങൾ എന്തെല്ലാമായിരുന്നുവെന്നോ അവർ അറിഞ്ഞിരുന്നില്ല. പലവിധ സാധനങ്ങൾ കൊണ്ടും പരീക്ഷണം നടത്തി കണ്ടുപിടിക്കുന്നതിന്നു ലക്ഷ്യമായ ആ വസ്തുവെയാണ് അവർ 'പൊൻകല്ല്' അഥവാ Philosophers' Stone എന്നു് വിളിച്ചിരുന്നതു്.

ഈ "പൊങ്കല്ലിന്നു" താണതരംലോഹങ്ങളെ പൊന്നാക്കിമാററുന്നതിന്നു പുറമെ ജനങ്ങളെ അമർത്ത്യരാക്കുവാനുള്ള ശക്തിയുംകൂടി ഉണ്ടായിരുന്നുവെന്നു അവർ കരുതിയിരുന്നു. ഇങ്ങിനെ ഒരു "പൊങ്കല്ല്" ഭാവനാലോകത്തിൽമാത്രമെ ഇതുവരെ സ്ഥിതിചെയ്തിട്ടുള്ളുവെങ്കിലും, ഇതിനെ ആരാഞ്ഞറിയുവാനുള്ള ഉദ്യമത്തിൽ രസായനശാസ്ത്രത്തിന്നു മററുപല നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പലവിധ ഔഷധങ്ങൾ കണ്ടുപിടിക്കപ്പെടുകയും ശാസ്ത്രീയസംഗതികളെ സംബന്ധിച്ചിടത്തോളം ചില നവീനവസ്തുക്കൾക്കു പ്രാധാന്യം സിദ്ധിക്കുകയും ചെയ്തതു തൻമൂലമാണ്. ഔഷധലോകത്തിൽ അഞ്ജനക്കല്ലിന്നു(Antimony)ള്ള സ്ഥാനം അസാമാന്യമായിത്തീർന്നതു ഇക്കാലത്തിന്നുശേഷമാണ്.

ലോകത്തിൻെറ പുരോഗതിക്കനുസാരമായചില നൂതനകണ്ടുപിടുത്തങ്ങൾക്കിടയിൽ ഒരു വസ്തുവെ മറെറാന്നായിമാററുവാനുള്ള ചില യുക്തികളും ആവിർഭവിച്ചു. റേഡിയം എന്നുപറയുന്ന ലോഹത്തിൻെറ ഏതാനുംഭാഗം കാലക്രമത്തിൽ നാമാവശേഷമായിത്തീരുന്നു. ക്രമേണ അതിൻെറ ശക്തി ക്ഷയിച്ചുവരികയും ഒടുവിൽ അതു ഈയം എന്നുപറയുന്ന ഒരു ലോഹമായിത്തീരുകയുംചെയ്യുന്നു. റേഡിയത്തിൻെറപരമാണു(Atom)വിന്നും ഈയത്തിൻെറ പരമാണുവിന്നും തമ്മിൽ സാരമായ വ്യത്യാസമുണ്ട്. റേഡിയത്തിൻെറ പരമാണുവിൽ സ്ഥിതിചെയ്യുന്ന കേന്ദ്ര(Nucleus)ത്തിൽനിന്നു ചില അണുക്കൾ പൊയ്പോകുന്നതുകൊണ്ടാണ് അതിന്നു ഇങ്ങിനെയുള്ള ഒരു രൂപാന്തരം വരുന്നത്. പരമാണുവിൻെറ

New

Taj Mahal Hotel

CALICUT.

റെയിൽവേസ്റ്റേഷന്നടുത്ത് ഒയിററി റോഡിൽ പുതുതായി തുറന്നിട്ടുള്ള

ന്യൂ താജ്മഹൽ ഹോട്ടൽ

സ്വദേശികൾക്കും, വിദേശികൾക്കും, യാത്രക്കാൎക്കും താമസത്തിന്നും ഭക്ഷണപാനീയങ്ങൾക്കും ഏററവും സൌകൎയ്യപ്രദം.

ടീപാൎട്ടികളും ഏറെറടുത്ത് നടത്തപ്പെടുന്നതാണ്.

നിങ്ങളുടെ സന്ദൎശനത്തെയും പരീക്ഷണത്തേയും ക്ഷണിച്ചുകൊള്ളുന്നു.

കോഴിക്കോട്ടു പട്ടുതെരുവിൽ സ്പെൻസറിനെ അഭിമുഖീകരിച്ചുള്ള ബോംബെ ഹോട്ടലിൻെറ ഉടമസ്ഥനാൽ നടത്തപ്പെടുന്നത്.

കേന്ദ്രത്തിൽനിന്നും ഏതാനും കുറച്ചുശക്തിയുള്ള ചിലഅണുക്കൾകൂ പുറത്തുപോകാൻ സാധിക്കുമെങ്കിൽ അങ്ങിനെയുള്ള ചിലഅണുക്കളെ ആ കേന്ദ്രത്തിലേക്കും സംക്രമിപ്പിക്കുവാൻ സാധിക്കുമെന്നും, അതിനാൽ, കേവലം ദുസ്സാദ്ധ്യമെന്നുവെച്ചിരുന്ന ധാതുക്കളുടെ സ്ഥിതിമാററം സാദ്ധ്യമാണെന്നും ശാസ്ത്രജ്ഞന്മാർക്കു മനസ്സിലായി. അങ്ങിനെ വളരെ പരിമിതമായ ഒരു സ്ഥലത്തു അപാരമായ ശക്തി സംഭരിച്ചിട്ടുള്ള ചില യന്ത്രങ്ങളുടെ സഹായംമൂലം 1919-ൽ റതർഫോർഡിന്നു പരമാണുക്കളെ കൃത്രിമമായി ഭിന്നിപ്പിക്കാൻ സാധിച്ചു. അദ്ദേഹം പാക്യജനകം(Nitrogen)കൊണ്ടുനടത്തിയപരീക്ഷണങ്ങളിൽ അതിൽകുറച്ചുഭാഗം ജലവായു(Hydrogen)വും കുറെഭാഗം ജീവവായു(Oxygen)വും ആയി മാറുകയാണുണ്ടായത്.

വളരെയധികം ശക്തി സംഭരിച്ചിട്ടുള്ള "സൈക്ലോട്ടോൺ" (Cyclotone) എന്നുപറയുന്ന ഒരു പുതിയ യന്ത്രംഅടുത്തകാലത്തു അമേരിക്കയിൽ നിൎമ്മിതമായിട്ടുണ്ട്. ഇതിൻെറ സഹായത്തോടുകൂടി വസ്തുക്കളുടെ ആകൃതിക്കും സ്വഭാവത്തിന്നും ചില മാററങ്ങൾ വരുത്താൻ സാധിക്കുമെന്നുമാണു പറയുന്നത്. പക്ഷെ ഇതുവരെയും വ്യവസായികമായ നിലയിൽ മററു ലോഹങ്ങളെ സ്വൎണ്ണമാക്കിമാററാൻ സാധിച്ചിട്ടില്ല. പക്ഷെ സ്വൎണ്ണത്തിലും വിലകവിഞ്ഞ അനവധി വസ്തുക്കൾ നിൎമ്മിക്കാൻ പൎയ്യാപ്തമായ ഈ യന്ത്രത്തിൻെറ സഹായത്തോടുകൂടി ഇനിയെന്തെല്ലാം അപൂൎവ്വസംഭവങ്ങളാണു ശാസ്ത്രലോകത്തിൽ ഉണ്ടാവാൻ പാടില്ലാത്തതു എന്നു നമുക്കു നിൎണ്ണയിച്ചുകൂട.


## ഒരു മദിരാശിയൂനിററ് എഴുതുന്നു:

"നമ്മുടെ ആളുകൾ ഞങ്ങളെ ഓൎക്കുന്നുണ്ടെന്നാണ് ഈ സമ്മാനങ്ങൾ ലഭിക്കുമ്പോൾ വിചാരിക്കാറ്"

## ഗവൎണ്ണരുടെ യുദ്ധഫണ്ടിൽ

യോദ്ധാക്കളുടെ സുഖസൌകൎയ്യത്തിന്നു്

എന്നു തിരിച്ചുവെച്ചതിലേക്ക്

## സംഭാവന ചെയ്യൂ

കൂടുതൽ സമ്മാനങ്ങൾ അയക്കുവാൻ ഞങ്ങളെ സഹായിക്കുക

ചെറുകഥ

# വഞ്ചിത

(ചന്ദ്രഹാസൻ)

'അങ്ങേയ്ക്കു എന്നെ വിവാഹം ചെയ്യാൻ സാധിക്കുമോ?'

തീരെ പ്രതീക്ഷിക്കാത്ത ലീലയുടെ ഈ ചോദ്യം മാധവൻനായരെ ഒന്നു ഞെട്ടിക്കുകതന്നെ ചെയ്തു. വിവാഹത്തിന്റെ കാര്യം നാളിതുവരെ മാധവൻനായരുടെ ആലോചനയിലുണ്ടായിട്ടില്ല. ലീലയെസംബന്ധിച്ചു പ്രത്യേകിച്ചും. ഒരു രണ്ടുകൊല്ലംമുമ്പ് പാർക്കിൽ വെച്ചു കണ്ട പരിചയം, ക്രമേണ സ്നേഹമാണെന്നു അയാൾ വ്യാഖ്യാനിക്കുന്ന തരത്തിലുള്ള ഒന്നായിപരിണമിച്ചു. അതുമുതൽ ലീലയുടെ വീട്ടിൽ എപ്പോഴും വരികയും ലീലയെ ഏതുസമയത്തും കാണുകയും ചെയ്യുന്നതു് അയാൾക്കു ഒരു സുഖമാണ്. ഒരു ദിവസം ലീലയെക്കണ്ടില്ലെങ്കിൽ മനസ്സിനുണ്ടൊരസ്വാസ്ഥ്യം! പല സ്ത്രീകളുമായി പരിചയപ്പെടാൻ കഴിഞ്ഞിട്ടും, ലീലയെസംബന്ധിച്ചു മാത്രമേ ഈ പ്രത്യേകതയുള്ളുവെന്നു അയാൾ സമ്മതിച്ച കാര്യമാണ്. എന്നാലും ലീലയെ വിവാഹം കഴിക്കുക എന്ന കാര്യം അയാൾ ഓർത്തിട്ടേയില്ല. ഒരു ഭർത്താവായി ജീവിക്കുകയേക്കാൾ, ഒരു കാമുകനായി കഴിഞ്ഞുകൂടുകയാണ് പരമാനന്ദമെന്ന ദൃഢാഭിപ്രായക്കാരനായിരുന്നു മി. നായർ. വിവാഹം പ്രേമത്തിന്റെ നിഗൂഢവും സുന്ദരവുമായ വശത്തെ തുറന്നുകാട്ടി, അതിന്റെ മാദകലഹരി നശിപ്പിച്ചുകളയുമെന്നാണ് അയാളുടെ വിചിത്രമായ വാദഗതി! താനിതുവരെ വെച്ചുപോററിക്കൊണ്ടിരുന്ന ആ തത്വശാസ്ത്രങ്ങളുടെനേക്കു് ആഞ്ഞുവലിച്ചെറിയപ്പെട്ട ഈ ചോദ്യം നായരെ ഒന്നു പിടിച്ചുകുലുക്കി, ഒരുവിധത്തിൽ തന്റെ വികാരങ്ങളെ സഹജമായ പുഞ്ചിരികൊണ്ടു മറച്ചു, നായർ പറഞ്ഞു.

"ലീലേ, ഇതു ഒരു വല്ലാത്ത ചോദ്യംതന്നെയാണല്ലോ."

"എന്തു വല്ലായ്മയാണിതിൽ?"

"ഒന്നുമില്ല; വിവാഹം ചെയ്യാത്തതുകൊണ്ടു വല്ല തകരാറുമുണ്ടോ? നമ്മുടെ മുമ്പിൽ ആ പ്രശ്നമേ ആവിർഭവിക്കുന്നില്ലല്ലോ, ഉണ്ടോ?"

ലീല ദൃഢസ്വരത്തിൽ പറഞ്ഞു. "ഉണ്ട്." ഗഹനമായ എന്തോ ഒന്നു വ്യാഖ്യാനിക്കുവാൻ വിഷമിക്കുന്നതുപോലെ അവൾ കാണപ്പെട്ടു. തൊണ്ട ഞെരക്കി ശരിയാക്കി, തന്റെ മുമ്പിലുള്ള മേശപ്പുറത്തുകിടന്ന പുസ്തകത്തിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു അവൾ പറഞ്ഞു "ഞാൻ ഒരു അവിവാഹിതയായ യുവതി, അങ്ങുന്ന് അവിവാഹിതൻ, നമ്മുടെ ഈ ബന്ധം അനാശാസ്യവും അനുചിതവുമാണെന്ന അഭിപ്രായഗതി ചുററുപാടും വർദ്ധിച്ചുവരികയാണ്. അപമാനകരമായ പലതും അതിനോടു കൂട്ടിച്ചേർക്കപ്പെടുന്നുണ്ട്. അത് ഒരു പുരുഷനായ അങ്ങയ്ക്കു അറിയാൻ കഴിഞ്ഞില്ലെന്നു വരാം. ഒരു സ്ത്രീക്കാണെങ്കിൽ അറിഞ്ഞേടത്തോളംകൊണ്ടു, കൂടുതൽ അറിയാനാഗ്രഹമില്ലാതെയാണ് വരിക. രഹസ്യമായ ഒരപമാനം സ്വയം അറിയുന്നതിനേക്കാൾ, പരസ്യമായ ഒരാത്മഹത്യ വരിക്കുന്നതിനാണ് സ്ത്രീ ആഗ്രഹിക്കുക. അതിനുള്ള ഒരു പോംവഴിയാണ് നമ്മുടെ വിവാഹം. എന്നെ തെററിദ്ധരിക്കരുത്."

അവൾ അയാളെ ഒന്നുനോക്കി. മുമ്പു കാണാത്തവിധം ആ മുഖം അത്രയും വിളർത്തിരുന്നു. ദീർഘമായൊന്നു നിശ്വസിച്ചു, ലീല തലതാഴ്ത്തി അവിടെനിന്നു.

അയാളെസംബന്ധിച്ചേടത്തോളം, ഇത്ര ദുർഘടമായ ഒരു പ്രശ്നത്തിൽ അയാൾ കുടുങ്ങിയിട്ടില്ല. ഒരു കാൽമണിക്കൂർ നിശ്ശബ്ദമായിക്കഴിഞ്ഞു. തന്റെ ഹൃദയത്തിൽ വമിച്ച ചില പോരാട്ടങ്ങൾ നടന്നുവെന്നു, വിയർപ്പുപൊടിഞ്ഞ നായരുടെ നെററി തെളിയിച്ചു. ആ കുടുക്കിൽനിന്നു എങ്ങിനെ രക്ഷപ്പെടേണ്ടു, എന്നതായിരുന്നു അയാളെ വിഷമിപ്പിച്ചതു്. മാത്രമല്ല അതു തന്റെ ഒരു കുററമാകുകയും അരുത്! ഒടുവിൽ നായർ എഴുന്നേററുകൊണ്ടു പറഞ്ഞു, "ലീലേ ഞാനിവിടെ വരുന്നതുകൊണ്ടു അപവാദങ്ങൾ നീ കേൾക്കേണ്ടിവരുന്നുണ്ടെന്നു കുറച്ചുമുമ്പ് എന്നോടു പറഞ്ഞിരുന്നുവെങ്കിൽ ഇതൊന്നും ഉണ്ടാകുമായിരുന്നില്ല. ഞാൻനിമിത്തം എനി അപവാദങ്ങൾ കേൾക്കുകയും വേണ്ട, ഞാനിങ്ങോട്ടു വരണമെങ്കിൽ വരുന്നുമില്ല" ആ കുടുക്കിൽ നായർ കണ്ട ഒരു പോംവഴി അതായിരുന്നു. ലീല ഞെട്ടിപ്പോയി. "എന്ത്, ഞാനങ്ങിനെ പറഞ്ഞുവോ?" ദയനീയമായ ഈ ചോദ്യം നായർ കേട്ടുവോ, എന്തോ. ഗൌരവഭാവത്തിൽ, മുഖം, അനാവശ്യമായി ടവ്വൽകൊണ്ടു തുടച്ചു നായർ മുറിയിൽനിന്നു പുറത്തിറങ്ങിപ്പോയി.

സ്കൂൾഫൈനൽ പരീക്ഷ പാസ്സായതിന്റെ ശേഷം, പുസ്തകപാരായണംകൊണ്ടുമാത്രം സമയം പോക്കിയിരുന്ന ലീല, ഒരു നവീന ദാമ്പത്യസമ്പ്രദായത്തെ സ്വപ്നംകണ്ടിരുന്നവളാണ്. പഴയരീതിയിൽ അതുവരെ കാണാതിരുന്ന ആളെ, ഗുരുജനങ്ങളുടെ നിർബ്ബന്ധമൊന്നുകൊണ്ടുമാത്രം വിവാഹം കഴിക്കേണ്ടിവരുന്ന ദുസ്ഥിതിയെ കലശലായവൾ വെറുത്തു. ദാമ്പത്യജീവിതത്തിന്റെ ആനന്ദസന്ദായകമായ സുന്ദരസ്വപ്നങ്ങൾ മററല്ലായുവതികളേപ്പോലെ, അവളും ഭാവനയിൽക്കണ്ടു മതിമറക്കലുണ്ടു; പ്രേമഗാനങ്ങൾ അതിനു ഒരു ആദർശ്യ

പംകൊടുത്തു. അവളങ്ങിനെ ഭാവനയിൽ ആനന്ദിച്ചുകൊണ്ടിരുന്നപ്പോൾ, തന്റെ മകൾക്കനുരൂപനായ ഒരു ഭർത്താവിനെ തിരഞ്ഞുപിടിക്കാൻ, പണം കൊടുത്താലെ ഭർത്താക്കന്മാരെക്കൊള്ളാനുള്ളുവെന്ന കടുത്ത പരമാർത്ഥത്തിന്റെ ചുട്ട മരുഭൂമിയിൽ അവളുടെ അച്ഛൻ എരിപൊരിസ്സഞ്ചാരംകൊള്ളുകയാണെന്നവൾ മനസ്സിലാക്കിയിട്ടില്ല. ലീല അപ്പോഴെക്കും വിവാഹത്തിന്റെ കാര്യത്തിൽ ഒരു സ്വാതന്ത്ര്യബുദ്ധിയായിക്കഴിഞ്ഞിരുന്നു. ആ കാലഘട്ടത്തിൽ, അവളുടെ വിവാഹം കഴിഞ്ഞു. അച്ഛനോടുള്ള അപ്രതിഹതമായ ബഹുമാനംകൊണ്ടും, അമ്മയോടുള്ള അവാച്യമായ സ്നേഹംകൊണ്ടും, അവൾ വിവാഹംകഴിച്ചു വരൻ ഏതോ ഒരു നാട്ടിലെ ഒരാളാണ് എന്നതിൽ കൂടുതൽ അവളൊന്നും ആദ്യം അറിഞ്ഞിരുന്നില്ല. പിന്നെ അവൾക്കെല്ലാം മനസ്സിലായി. ഹൈസ്കൂളിന്റെ പടികൂടി കയറാൻ നോക്കിയിട്ടില്ലാത്ത അയാൾ ഒന്നാംതരം ഒരു കർഷകനാണ്. തന്റെ പാടവും തോടിയും പച്ചപിടിപ്പിക്കുവാൻ എപ്പോഴും പണിയെടുക്കുന്ന അയാൾക്കു ലീലയുമായി നർമ്മസല്ലാപങ്ങൾക്കു സമയം കിട്ടാറില്ല. അയാൾക്കു സഹജമായ ഒരു സ്വഭാവഗുണമുണ്ട്. തന്റേതാണെന്നവകാശപ്പെടുന്ന ഏതിനേയും ആത്മാർത്ഥമായി സ്നേഹിക്കുക. അങ്ങനെ ലീലയേയും അയാൾ സ്നേഹിച്ചു. തന്റെ പാടവും, തോടിയും, കന്നുകാലിയും തനിക്കെത്ര ആവശ്യമാണോ, അത്ര ആവശ്യമായി തനിക്കൊരു ഭാര്യയും എന്നേ അയാൾക്കഭിപ്രായമുള്ളു. അതുകൊണ്ടു ലീല പ്രതീക്ഷിച്ചപോലെ, തന്റെ ഭർത്താവിൽനിന്നു ആത്മസംതൃപ്തിയ്ക്കൊത്ത യാതൊന്നും അവൾക്കു ലഭിച്ചില്ല. വീട്ടിൽ വന്നതിന്റെ ശേഷം ഒരരമണിക്കൂർ ഒന്നായി അയാളുമായി സംസാരിക്കുവാൻ ലീലക്കു കഴിഞ്ഞിട്ടില്ല. രാത്രിയാണെങ്കിൽ കുളി, കുളികഴിഞ്ഞാലുണ്ണ്; ഊണുകഴിഞ്ഞാലുടനുറക്കം എന്ന അയാളുടെ ചിട്ടയോടുകൂടിയ കാര്യപരിപാടി മാററുവാൻ അവൾക്കു സാദ്ധ്യമല്ല. ഇതൊന്നുമല്ല വൈഷമ്യം. ലീലയുടെമുഖത്തുനോക്കി സംസാരിക്കാൻ അയാൾക്കു ലജ്ജകൂടിയാണ്. അതിഥികളാരെങ്കിലും വന്നാൽ ജാലകത്തിനുള്ളിൽക്കൂടി എത്തിനോക്കി അയാൾ ആളുകാണാതെ, വടക്കുഭാഗത്തുള്ള അടുക്കളവാതിലിൽക്കൂടി കടന്നു നടന്നുകളയും. മര്യാദകേടായിട്ടല്ല, പക്ഷെ സംസാരിക്കാനുള്ള ലജ്ജകൊണ്ടു. അയാൾക്കു ഈ ലോകത്തിലുള്ള യാതൊരു വിവരവുമറിയണമെന്നില്ല. യാതൊരു വിവരവും അയാൾക്കില്ല. പൊടിപ്പും തൊങ്ങലുംവെച്ചു സംസാരിക്കുയും പതിവില്ല. പക്ഷേ, ആരെങ്കിലും കന്നുകാലികളെപ്പററിയോ, കൃഷിയെപ്പററിയോ സംസാരിച്ചെന്നുവരട്ടെ, അപ്പോഴാണു അയാളുടെ വിജ്ഞാനപരങ്ങളായ വാഗ്ഗതികൾ, അത്ഭുതകരമാംവിധം പുറത്തേക്കൊഴുകുക. തന്റെ അടുത്ത വീട്ടിലെങ്ങുമുള്ള മൂരിക്കുട്ടന്റെ ലക്ഷണം, പണി, വില, ഗുണം എന്നിവയെപ്പററി അയാളോളം കണിശമായി ആക്കും അറിവില്ല. തോടിയിൽ തന്റെ സ്വന്തമദ്ധ്വാനഫലങ്ങളെ നോക്കി, അവയെ തൊട്ടുതലോടിനടക്കുന്നതിനേക്കാൾ ആനന്ദകരമായി അയാൾക്കു യാതൊന്നുമില്ല. ഒരു ദിവസം ഒരു വെണ്ടത്തൈ മുറിഞ്ഞുകണ്ടപ്പോൾ അയാൾക്കെന്തെന്നില്ലാത്ത വ്യസനമുണ്ടായി. അവിടെ ഇരുന്നു അതു നേരേനിർത്താൻ അയാൾ ഏതാണ്ടു രണ്ടു മണിക്കൂർ ശ്രമിച്ചു. ഒടുവിൽ നിരാശനായി ആ ശ്രമം ഉപേക്ഷിച്ചു. അയാൾ ലീലയോടു ചോദിച്ചു, എങ്ങിനെ ആ തൈ ആരൊടിച്ചുവെന്നു. ലീലയ്ക്കു വ്യസനം മാത്രമല്ല മുഴുത്ത ശുണ്ഠി കൂടിവന്നു. ശുണ്ഠി സഹിക്കാതെ അവൾ പറഞ്ഞു "നിങ്ങളും നിങ്ങളുടെ വെണ്ടത്തൈയും. അതു നോക്കാനല്ലേ ഞാനിവിടെ ഇരിക്കുന്നതു!" ആ പാവത്തിനു മനസ്സിലായില്ല ലീലയ്ക്കെന്തിനാണിത്ര ശുണ്ഠിവന്നതെന്ന്! അയാൾ വലിയ സുന്ദരനല്ലെങ്കിലും വിരൂപിയാണെന്നു പറഞ്ഞുകൂട. നിത്യേനയുള്ള ദേഹാദ്ധ്വാനംകൊണ്ടു, മാംസപേശികൾ തുടിച്ചുനിൽക്കുന്ന അയാളുടെ ദേഹംകാണാൻ നല്ല ചന്തമുണ്ട്. പക്ഷേ അത്ര ഭംഗിയുള്ളതാണ് തന്റെ ദേഹമെന്നോ, അത്രയ്ക്കു ശക്തിയുള്ളതാണു തന്റെ കൈകളെന്നോ, അയാൾ അറിഞ്ഞിട്ടേ ഇല്ലെന്നുതോന്നും. വാസ്തവത്തിൽ അയാൾ അറിഞ്ഞിട്ടുമില്ല. അയാളുടെ പെട്ടിയിൽ ധാരാളം പണമുണ്ട്. ഒരാണായാൽ പണം വേണമെന്ന അഭിപ്രായക്കാരനാണയാൾ. പക്ഷേ അയാൾ പണം സൂക്ഷിക്കുന്നതെന്തിനാണെന്നു അയാൾക്കേ അറിഞ്ഞുകൂടു! ആ പെട്ടിയിൽനിന്നു എടുക്കാൻവേണ്ടി അതു തുറന്നിട്ടില്ല. വീണ്ടും അതിൽ അയാൾ പണം സൂക്ഷിക്കും. അത്ഭുതമെന്നേ പറയേണ്ടു, ലീല വന്നു ഒരാഴ്ച കഴിഞ്ഞതിന്റെ ശേഷം, പണപ്പെട്ടിയുടെ താക്കോൽ അയാൾ അവളുടെ വക്കൽ കൊടുത്തു. തന്റെ

പണം സൂക്ഷിക്കാൻ വിശ്വസ്ഥയായ ഒരാളെ കിട്ടിയതു നന്നായെന്ന വിചാരം അയാളെ സന്തോഷിപ്പിച്ചു. ലീല ചോദിച്ചു, "എന്തിനാണീ കീ?" "കീയോ? പണപ്പെട്ടിയുടെ താക്കോലല്ലേ ഇത്." അയാൾ പറഞ്ഞു. "നീ ഇതു സൂക്ഷിക്ക്" എന്നും പറഞ്ഞു അയാൾ പുറത്തേയ്ക്കുപോയി. ലീല വായ പൊത്തിച്ചിരിച്ചു. കുറച്ചു കഴിഞ്ഞു അവൾ ആ പണപ്പെട്ടി ഒന്നു തുറന്നുനോക്കി. അവളത്ഭുതപ്പെട്ടു. അവളുടെ മുഖം സന്തോഷംകൊണ്ടു തുടുത്തു. അത്ര പണം ഒന്നിച്ചു അവൾ കണ്ടിരുന്നില്ല—ലീല ചിന്താമഗ്നയായി. ആ മുഖത്തു പെട്ടെന്നു ഒരു കരിനിഴൽ വീശി. അവൾ പെട്ടിപൂട്ടി. വീണ്ടും ഒരാഴ്ച കഴിഞ്ഞു. അവൾ പെട്ടിയുടെ താക്കോൽ അയാളുടെ നേരെ വെച്ചു കാട്ടി. "ഇതാ, ഇതങ്ങെടുത്തോളണം" അയാൾ അത്ഭുതത്തോടെ വിടർന്ന മിഴികൾ ലീലയുടെ മുഖത്തുറപ്പിച്ചുകൊണ്ടു ചോദിച്ചു:—"എന്തു, നിണക്കു പണവും വേണ്ടേ?" കോപവും നൈരാശ്യവും കൂടിക്കലർന്ന സ്വരത്തിൽ ലീല പറഞ്ഞു, "എനിക്കുവേണ്ട നിങ്ങളുടെ പണം." അയാൾ ഒരു സ്വപ്നത്തിലെന്നോണം കൈകൾ നീട്ടി. ലീല ആ കൈകൾ തൊടാതെ താക്കോലങ്ങിട്ടുകൊടുത്തു. ദിവസങ്ങൾ ഇഴഞ്ഞു ഇഴഞ്ഞുപോകുന്നു. താരുണ്യത്തഴപ്പിൽ, പ്രകൃതി വേണ്ടുവോളം വിഭവങ്ങൾ വാരിവിതറിയിരുന്ന ലീലയുടെ സുകുമാരകളേബരം ദിനംപ്രതി ശോഷിച്ചുവന്നു. തടിച്ചു കൊഴുത്ത ആ ശരീരം, ചടച്ചുമെലിഞ്ഞു. പ്രകാശമാനങ്ങളായ ആ പക്ഷ്മളമിഴികൾക്കു ചുററിലും ഒരു കറുപ്പു വീണു. തുടുത്തിരുന്ന ആ കവിൾത്തടം, പ്രസാദം ലേശംപോലുമില്ലാത്ത ഒന്നായിമാറി!

അത്രവേഗം നിരാശയാകുന്ന ഒരുവളല്ലായിരുന്നു ലീല. അയാളെ, അവളുടെ ഭാഷയിൽ ഒരു മനുഷ്യനാക്കുവാൻ ഒരു ശ്രമവുംകൂടി അവൾ നടത്തി. ലീല ഒരു പാട്ടുകാരികൂടിയായിരുന്നു. ഭർത്താവിന്റെ വീട്ടിലേക്കു വരുമ്പോൾ അവൾ തന്റെ ഹാർമ്മോണിയംകൂടി എടുപ്പിച്ചിരുന്നു. വന്നതിന്റെ ശേഷം ഇതുവരെയ്ക്കും അതുപയോഗിച്ചിട്ടില്ല. പൊടി മൂടികിടന്നിരുന്ന ആ പെട്ടി അവൾ വലിച്ചുവെച്ചു ഒരു പാട്ടുപാടാൻ തുടങ്ങി. കർണ്ണാനന്ദകരമായ ആ ഗാനം ആ പറമ്പുമുഴുവൻ ഒഴുകി. അന്തരീക്ഷത്തിന്നൊരു കുളിർമ്മ കൊടുത്തു. അയൽ വീട്ടിലെങ്ങുമുള്ള ചെറുകുട്ടികൾ, എവിടെനിന്നെന്നറിയാതെ കേട്ടപാട്ടിന്നുനേരെ ചെവികൂർപ്പിച്ചു. അവർക്കതിന്റെ നേരേ ശരംപോലെ പാഞ്ഞെത്തണമെന്നുണ്ടു. തൊടിയിൽ കിളച്ചുകൊണ്ടിരുന്ന ലീലയുടെ ഭർത്താവ് ആ പാട്ടുകേട്ടു. തൂമ്പ നിലത്തു

അതാണ് ഇവർക്ക്
സമ്പൂർണ്ണാരോഗ്യം
നൽകി
ഞങ്ങളുടെ ജീവിതം
സന്ദായകമാക്കിയത്.

കേസരികുടീരം ലിമിററഡ്, മദിരാശി.

മലബാർ, കൊച്ചി, തിരുവിതാംകൂർ, തെക്കൻ കർണ്ണാടകം
മുതലായ ദിക്കുകളിലേക്കു ഏജണ്ടുമാർ :—
കൊച്ചിൻ മെഡിക്കൽ സ്റ്റോർസ്, തൃശ്ശിവപേരൂർ.

കൊത്തിക്കൊണ്ടു, അതിൻെറ പിടിവിടാതെ, നെററിചുളിച്ചുകൊണ്ടു തൻെറ വീട്ടിൻെറ മാളികമുകളിലേക്കൊന്നു തിരിഞ്ഞുനോക്കി. തൂമ്പവിട്ട കൈരണ്ടും ഉടുത്തമുണ്ടിൻെറ രണ്ടുഭാഗത്തും തുടച്ചു, ബദ്ധപ്പെട്ടു, വീട്ടിന്നുനേരെ നടന്നു. ആശ്ചര്യവും സംഭ്രമവും പൂണ്ട അയാളുടെ മുഖം ഉൽക്കണ്ഠാകുലമായിരുന്നു. ലീല പാടിക്കൊണ്ടിരുന്നതിന്നടുത്ത മുറിയിൽ അയാൾ സാവധാനം കടന്നുചെന്നു. ലീലയുടെ മുറിയിൽ കടക്കാൻ അയാൾക്കു ധൈര്യം വന്നില്ല. ഒരു പക്ഷെ അവൾ ദേഷ്യപ്പെട്ടു പാട്ടുനിർത്തിക്കളഞ്ഞാലോ! അയാൾ പാട്ടിൽ ലയിച്ചു. ഒരു ചെറു കുട്ടിയുടെ മുഖംപോലെ അയാളുടെ മുഖം മന്ദഹാസത്താൽ വികസിച്ചു. ലീല പാടിക്കഴിഞ്ഞു. അവൾ വിചാരിച്ചിരുന്നു, താൻ പാടിക്കൊണ്ടിരിക്കുമ്പോൾ ഭർത്താവു മുറിയിൽ വരുമെന്നു. അവൾ നിരാശയായി. പെട്ടിവലിച്ചു മാററി. എഴുന്നേററു. അഴിഞ്ഞ ചികുരഭാരം കെട്ടി. അവൾ അയാൾ നില്ക്കുന്ന മുറിയിൽക്കടന്നു. അയാൾ ഒരു കള്ളനെപ്പോലെ അങ്ങിനെ നില്ക്കുകയാണ്. വീണ്ടും അവൾ പാടുമെന്നു അയാൾ പ്രതീക്ഷിച്ചിരുന്നു. ലീല അകത്തുകടന്നപ്പോൾ അയാൾ അറിയാതെ ഞെട്ടിപ്പോയി. താൻ ചെയ്തുപോയ അപരാധം ക്ഷമിക്കേണമെന്നപോലെ, ലീലയുടെ നേരെ ദയനീയമായി അയാൾ ഒന്നു നോക്കി. ആ നെററിയിൽ വിയർപ്പു പൊടിഞ്ഞിരുന്നു. ലീലയുടെ മുഖം വികസിച്ചു. ഒരു വിജയഭാവത്തിൽനിന്നുണ്ടായ സുന്ദരമായ ഒരു പുഞ്ചിരിയോടുകൂടി അവൾ ആയാളെ ഒരു നോട്ടം നോക്കി. കടാക്ഷം എന്നു പറയാവുന്നതിൻെറ ശാസ്ത്രീയവും മോഹനവുമായ ഇണങ്ങിച്ചേരലായിരുന്നു; അതു്. ഇതിൻെറയെല്ലാം ആകത്തുക അളന്നു വ്യക്തമായിക്കാണാൻ മനശ്ശാസ്ത്രത്തിൽ ലവലേശം പാണ്ഡിത്യമില്ലാത്ത ആൾക്കുകൂടി സാദ്ധ്യമാവുന്ന ഒരു സന്ദർഭം. അത്ര സുഗ്രഹവും സുവിദിതവുമായ ഒരു ഭാഷ, ആ കണ്ണിൽ എഴുതപ്പെട്ടിരുന്നു. അയാൾ പരിഭ്രമിച്ചു, ഭയപ്പെട്ടവനെപ്പോലെ കോണിയിറങ്ങി. ലീല തരിച്ചുപോയി. താടിക്കു കൈകൊടുത്തുകൊണ്ടു, എത്രനേരം അങ്ങിനെ നിന്നുപോയെന്നവൾക്കുതന്നെ അറിവില്ല. പിറേറന്നു രാവിലെ ലീല, അച്ഛൻെറ വീട്ടിലേക്കു പോന്നു. അവൾ പിന്നെ മടങ്ങിപ്പോവുകയില്ലെന്നച്ഛനോടു പറഞ്ഞു. അതിൻെറ ശേഷം രണ്ടുപ്രാവശ്യം അവളുടെ ഭർത്താവു് അവിടെ വന്നു. പക്ഷെ, അയാൾ ലീലയെ കണ്ടില്ല, അത്രമാത്രം.

സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും വെമ്പുന്ന ഒരു ഹൃദയം, ക്ഷണത്തിൽ വശീകരിക്കാൻകഴിയും! തൻെറ അഭിരുചിക്കൊത്ത ഒരു സ്ഥലത്തേക്കു ചായുവാൻ അതു മാദകസ്വപ്നം കാണുകയാണ്. ആ സ്വപ്നലോകത്തിൽനിന്നു യഥാർത്ഥ്യമായ ഒരു രൂപം അവൾ കണ്ടതു, മാധവൻനായരിലായിരുന്നു. അവൾ ആയാളെ ഗാഢമായി സ്നേഹിച്ചു. പാർക്കിൽ പോകുന്നതിലുള്ള തൻെറ ഉദ്ദേശ്യവും സഫലമായി.

മാധവൻനായരാൽ താൻ വഞ്ചിതയായെന്നു ലീലയ്ക്കു മനസ്സിലായി. അവൾ കമിഴ്ന്നടിച്ചു കട്ടിലിൽ പോയി വീണു. തലയണമേൽ ശക്തിയായി മുഖം അമർത്തിയെങ്കിലും ആ തേങ്ങിക്കരച്ചിൽ വ്യക്തമായി കേൾക്കാം. അവൾ ആ തലയണ കെട്ടിപ്പിടിച്ചു മാറോടമർത്തു കരഞ്ഞു. ഒരു പൂച്ച മാവ്യൂമാവ്യൂ എന്നു കരഞ്ഞുകൊണ്ടു മുറിയിൽക്കൂടി കടന്നുപോയി. ഒരെട്ടുകാലി ആ ചുമരിന്മേൽക്കൂടി അവളുടെ അടുത്തുവന്നു സൂക്ഷിച്ചുനോക്കി അവളുടെ ദുഃഖത്തിൽ പങ്കുകൊണ്ടു. പെട്ടെന്നുവന്ന ഒരു കാററു, മേശമേലുള്ള കടലാസ്സ് അടിച്ചു നിലത്തുപാററി.

ഒന്നര മണിക്കൂറോളം ലീല കരഞ്ഞു. തൻെറ ശപിക്കപ്പെട്ട ജീവിതത്തിലെ ഓരോ ചിത്രവും കൺമുന്നിൽക്കൂടി വായുവേഗത്തിൽ കടന്നുപോയി. അവൾ എഴുന്നേററിരുന്നു. കട്ടിലിന്മേൽ കൈകുത്തിയിരുന്നു. ദൃഢനിശ്ചയത്തോടെ അവൾ അധരം കടിച്ചമർത്തി. ശാന്തസുന്ദരമായിരുന്ന അവളുടെ മുഖം രൗദ്രരസത്തിൻെറ നൃത്തവേദിയായി മാറി—അവൾ പിറുപിറുത്തു; തീർച്ചയായും വിവാഹം കഴിക്കണം. ഏതെങ്കിലും ഒരാണിനെ ഞാൻ വിവാഹം കഴിക്കും. ആരായാലും. എന്നിട്ട്........അവൾ ചിന്താമഗ്നയായി. "അയ്യോ"...........അവൾ വീണ്ടും കമിഴ്ന്നടിച്ചു കട്ടിലിൽ വീണു.

മാസം മൂന്നുകഴിഞ്ഞു. ലീലയുടെ വിവാഹദിവസം വളരെയധികം കൊട്ടിപ്പാട്ടുണ്ടാക്കാത്ത ഒതുങ്ങിയ ഏർപ്പാടുകൾ. വരനെ ഒരു നോക്കു കാണുവാൻ, എല്ലാവരും ഉൽകണ്ഠാകുലരായിരിക്കുകയാണ്. വരൻ എത്തി. "അതെ, അതെ, ആ കുടുമ കെട്ടിവെച്ച കറുത്ത ആൾ" ........."ഏത്?" "ആ കടുക്കനിട്ടിട്ടില്ലേ, ആയാൾ" വരൻ അവിടെ എല്ലാവർക്കും പരിചയപ്പെട്ടു. എത്രയോ ദൃഷ്ടികൾ അയാളെ ഉററുനോക്കി. "അയാൾക്കു ഒരു തകരാറേ ഉള്ളു" കൂട്ടത്തിൽ ഒരാൾ പറഞ്ഞു. "കറുത്തതും കുടുമ കെട്ടിയതുമെല്ലാമിരിക്കട്ടെ. ആ മുച്ചിറിയില്ലെങ്കിൽ.........ഈശ്വരാ, ഞാനൊന്നും പറഞ്ഞില്ലേ".

പിറേറന്നു രാവിലെ സമാധാനത്തോടുകൂടി ലീല ഭർത്തൃഗൃഹത്തിലേക്കു പോകുന്നതിനെ അത്ഭുതത്തോടും, വ്യസനത്തോടുംകൂടി നോക്കിക്കണ്ട സഖികളിൽ ഒരു ഹൃദയാലു മെല്ലെ ഇങ്ങിനെ പറഞ്ഞു, "കഷ്ടം!"

# ലോകത്തിലെ ചില മഹാഗ്രന്ഥങ്ങൾ

കെ. എ. കൊടുങ്ങല്ലൂർ

ഞങ്ങൾ കണ്ടിട്ടുള്ള ഏററവും വലിയ ഗ്രന്ഥമേതെന്ന ചോദ്യത്തിന് മിക്ക വായനക്കാരും നൽകുവാനിടയുള്ള ഉത്തരം 'ബ്രിട്ടീഷുസർവ്വജ്ഞാനഭണ്ഡാരം' (എൻസൈക്ലോപീഡിയാബ്രിട്ടാനിക്കാ) എന്നായിരിക്കും.

ഇത്തരം വിജ്ഞാനനിക്ഷേപങ്ങൾ വാസ്തവത്തിൽ പുസ്തകങ്ങളുടെ കൂട്ടത്തിൽ എണ്ണിക്കൂടാ. 'പുസ്തകങ്ങളല്ലാത്ത പുസ്തകങ്ങൾ' എന്നാണ് ലാംബ് അവയ്ക്കു നാമകരണം ചെയ്തിട്ടുള്ളത്. ബ്രിട്ടീഷ് മ്യൂസിയത്തിൽ ഇന്നും സൂക്ഷിയ്ക്കപ്പെട്ടുവരുന്ന ചൈനീസ് എൻസൈക്ലോപീഡിയ, ബ്രിട്ടാനിക്കയെ വലുപ്പത്തിൽ അതിശയിയ്ക്കും. എന്നാൽ തിബത്തിലെ ലാമകളുടെ വേദഗ്രന്ഥമായ 'കാംഗ്യൂർ' അതിനെയും പരാജയപ്പെടുത്തുന്നു. ഈ മഹാഗ്രന്ഥത്തിൽ ആയിരം ഭാഗങ്ങൾ വീതമുള്ള 108 വാല്യങ്ങളുണ്ട്. ഓരോ വാല്യത്തിന്റെയും തൂക്കം 10 റാത്തലും!

അടുത്തകാലംവരെയും പ്രസിദ്ധമായിരുന്ന 'ഡോൺ ക്വിഹോട്ടേ' (Don Quixote) എന്ന ഫ്രഞ്ച് ആഖ്യായികയും നീളംകൂടിയ പുസ്തകങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. 461000 വാക്കുകൾ അതിലുണ്ട്. 1605-ാമാണ്ടിൽ ഒരു തടവുമുറിയിൽനിന്നാണ് പ്രസ്തുത നോവലിന്റെ പ്രഥമഭാഗം വിരചിതമായത്. രണ്ടാംഭാഗം പുറത്തുവരാൻ പിന്നെയും വേണ്ടിവന്നു പത്തുകൊല്ലം. അതിനു ആവശ്യക്കാർ അനവധിയായിരുന്നു. താമസിയാതെ ടി. ഷെൽടൻ എന്നൊരു ഇംഗ്ലീഷുകാരൻ ഈ പുസ്തകം ഇംഗ്ലീഷിലേയ്ക്കു ഭാഷാന്തരം ചെയ്തു.

ജേക്കബ് കീററ്സ് 1655ൽ പ്രസിദ്ധപ്പെടുത്തിയ 'ഫോളിയോ' (Folio) എന്ന ഗംഭീരഗ്രന്ഥം ഒരുകാലത്തു പ്രചുരപ്രചാരമുള്ളതായിരുന്നു. അതിന്റെ വണ്ണം കാണികളെ അത്ഭുതപരതന്ത്രരാക്കുന്നു.

17-ാം ശതകത്തിലെ ജീവിതം അലസവും ജോലിത്തിരക്കു കുറഞ്ഞതുമായിരുന്നു. ജനങ്ങൾക്കു പ്രത്യേകിച്ചു യാതൊരു ഗൗരവകൃത്യങ്ങളുമില്ലാതിരുന്നതിനാൽ വമ്പിച്ച ഗ്രന്ഥങ്ങൾ രചിക്കുവാൻ അവസരവും പ്രോത്സാഹനവും ലഭിച്ചിരുന്നു. വിജ്ഞാനപ്രദവും വിനോദകരവുമായ ദീർഘമേറിയ അസംഖ്യം പുസ്തകങ്ങൾ അക്കാലത്തുണ്ടായി. ഭാവിതലമുറകളെ സംഭ്രമിപ്പിക്കുകയും, ഒരുവേള ഭയപ്പെടുത്തുകതന്നെയും ചെയ്യാൻ പര്യാപ്തമായവയാണ് അവയെല്ലാം. സങ്കല്പകഥാനിർമ്മാണനിപുണനായ സ്കൂഡറീസിന്റെ (Scud-eryes) കാലമായിരുന്നു അത്. ജീവകാലത്തിന്റെ ഒരു സിംഹഭാഗം ഗ്രന്ഥപാരായണത്തിനുവേണ്ടി വിനിയോഗിച്ചാലും വായിച്ചുതീർപ്പാൻ പ്രയാസപ്പെടുന്ന തരത്തിലുള്ള വമ്പിച്ച വാല്യങ്ങൾ എഴുതിത്തള്ളുവാൻ അദ്ദേഹം അതിസമർത്ഥനായിരുന്നു.

പ്രശസ്തമായ 'ഗ്രാൻഡ് സൈറസ്' (Grand Cyrus 1649) പത്തു വാല്യങ്ങളുള്ള ഒരു വലിയ പുസ്തകമാകുന്നു. എണ്ണൂറ് പുറങ്ങളടങ്ങിയ അത്രതന്നെ വാല്യങ്ങൾ 'ക്ലെലി' (Clelie) യിലുമുണ്ട്. ലാകാൽപ്രനീഡിന്റെ കേയ്സേൻഡ്രം (Caesandre of La Cal-prenede) വണ്ണത്തിൽ പിന്നണിയിലല്ല. എന്നാൽ, 'ക്ലിയോപാട്രേ' (Cleopatre) (1646) ഇവയെയെല്ലാം അധഃകരിക്കുന്നു. 24 വാല്യങ്ങളുണ്ടതിലുള്ളത്.



# അനിത്യത*

(സർപ്പിണി)

സി. നാരായണൻ നായർ എം. എ., എൽ. ടി.

I

ഇന്നു പുഞ്ചിരിപ്പാൽപൊഴിക്കുംമലർ
നാളെവാടിക്കരിഞ്ഞുകൊഴിയുന്നു;
കാമ്യമായുള്ളതൊക്കെയുമുള്ളത്തിൽ
കാംക്ഷയേററുന്നു, മായുന്നു തൽക്ഷണം;
സർവ്വഭംഗുരമാകുമിബ്ഭുവിങ്കൽ
ശാശ്വതാനന്ദമെന്തൊന്നിൽ കാൺമുനാം?
രാത്രിയെഹാസിക്കുന്ന സൌദാമിനി
ദീപ്തിപൂർണ്ണമെന്നാലും ക്ഷണികമാം.

II

ഉത്തമഗുണമെത്രയും ദുർല്ലഭം,
ഹൃത്തഴിഞ്ഞൊരാമൈത്രിവിരളവും;
പ്രേമമല്പമാം തൻദിവ്യസൌഖ്യത്തെ,
വാമനൈരാശ്യരാശിക്കുവിൽക്കുന്നു;
സൌഖ്യമാർഗ്ഗകവാടങ്ങളീവിധം
സത്വരമടയുന്നുവെങ്കിലും,
സ്വന്തമെന്നഭിമാനിപ്പതൊക്കെയു
മന്തരമെന്യെ നമ്മെവെടികിലും,
പിന്നെയുംനാം തുടരുന്നു ജീവിതം
ഛിന്നതചൂഴന്നീടുമിജ്ജീവിതം!

III

നിർമ്മലനീലിമയാൽ വിയൽപഥം
കമ്രശോഭകലർന്നുലസിക്കവെ,
സൂനവൃന്ദം പലവർണ്ണവൈശിഷ്ട്യാൽ
മോഹനകാന്തിപൂരംപൊഴിക്കവെ,
രാവിനുമുന്പുമാറും നയനങ്ങൾ
വാസരത്തെയുല്ലാസദമാക്കവെ,
ശാന്തവിശ്രമവേളകളിന്നിയും
മന്ദമാത്രമകന്നകന്നീടവെ,
പാഴ്കിനാവിൽ മുഴുകുന്നു, നീ പിന്നെ
കേഴുവാനായി നിദ്രയുണരുന്നു.

* ഷെല്ലിയുടെ Mutability എന്ന കവിതയുടെ സ്വതന്ത്രവിവർത്തനം

## ശസ്ത്രക്രിയ കൂടാതെ

എത്ര പഴകിയ വയററിൽവേദനയും പുളിച്ചുതികട്ടലും, ഛർദ്ദിയും, ഉരുണ്ടുകയററവും, നടവും വാരിയെല്ലും കഴപ്പും, ചുരുങ്ങിയ ദിവസത്തെ ചികിത്സകൊണ്ടു പൂർണ്ണമായി സുഖപ്പെടുത്താം. അനുഭവസ്ഥർ അനവധി. 2 രൂപാ അഡ്വാൻസോടുകൂടി വിവരം അറിയിക്കുകയോ സ്റ്റാമ്പുസഹിതം എഴുതിച്ചോദിക്കുകയോ ചെയ്യുക.

ദാറുശ്ശിഫാ അറബിക്ക് മെഡിക്കൽ ഹാൾ,

**ചങ്ങനാശ്ശേരി.**

# പ്ലേറ്റോ—ചിന്താചക്രവൎത്തി

(427—347 ബി. സി.)

എം. നാരായണൻ ബി. എ., എൽ. ടി.

അത്ഭുതാവഹമായ ഒരു കാലഘട്ടത്തിലായിരുന്നു പ്ലേറ്റോവിന്റെ ജനനം. അതു പ്രസിദ്ധന്മാരായ പുരുഷകേസരികളുടെ വിലാസരംഗമായിരുന്നു; അന്നവധി മഹൽസംഭവങ്ങളാൽ പുഷ്കലവുമായിരുന്നു. അമാനുഷികയോദ്ധാവും പുരുഷപുംഗവനുമായ പെരിക്ലീസ് പരലോകപ്രാപ്തനായിട്ട് അധികകാലം കഴിഞ്ഞിരുന്നില്ല. സോഫക്ലീസ് എന്ന നാടകകർത്താവ്, യൂറിപ്പിഡീസ് എന്ന സാഹിത്യകാരൻ, തൂസിഡൈഡിസ് എന്ന ചരിത്രകാരൻ, ലോകവിശ്രുതന്മാരായ ഇത്തരം മഹാന്മാരെല്ലാം അന്നു ജീവിച്ചിരിപ്പുണ്ടായിരുന്നു. പ്ലേറ്റോവിന്റെ ഗുരുവൎയ്യനായ സോക്രട്ടീസും ശിഷ്യോത്തമനായ അരിസ്റ്റോട്ടലും ആ ദശാവിശേഷത്തെ ദീപ്തമാക്കിയ മററു രണ്ടു ചൈതന്യാത്മാക്കളായിരുന്നു.

സിസിലിയിലെ ഗ്രീക്കുനഗരങ്ങളെ നിഷ്ഠുണ്ടകനായ ഒരു ടൈറൻറിന്റെ (Tyrant) മർദ്ദനത്തിൽനിന്നു രക്ഷിപ്പാനായി ഏതൻസിൽനിന്നയക്കപ്പെട്ട ഒരു വമ്പിച്ച സേന പരിച്ഛേദം നശിപ്പിക്കപ്പെട്ടതും, ഗ്രീക്കു നഗരങ്ങളിൽ നായകമണിയായി വിളങ്ങിയിരുന്ന ഏതൻസിന്റെ നിലയും അന്തസ്സും നഷ്ടപ്പെട്ടതും പ്ലേറ്റോവിന്റെ ശൈശവത്തിലായിരുന്നു. ഇത്തരം അത്യാഹിതങ്ങൾക്കിടയിൽ സാധാരണ ബാലന്മാൎക്കു ലഭിച്ചുവന്നിരുന്ന വിദ്യാഭ്യാസം അദ്ദേഹത്തിനു സിദ്ധിച്ചുവെന്നതുതന്നെ ഭാഗ്യം. സ്പാർട്ടയുമായുള്ള യുദ്ധം അദ്ദേഹത്തിനു പത്തു വയസ്സു പ്രായമായപ്പോഴാണ് തുടങ്ങിയതു. അതു ഇരുപത്തേഴു വർഷങ്ങൾ നീണ്ടുനിന്നു. ആ കാലത്തു ഏതൻസിലെ സൎവ്വ യുവാക്കന്മാരും ശത്രുക്കളുടെ ആക്രമണം കാത്തുകൊണ്ടു ദിവാനിശം ആയുധധാരികളായി നില്ക്കുകയായിരുന്നു. അതിനാൽ വിദ്യാലയത്തിൽനിന്നു വികസിതമായ മാനസമെന്നപോലെ രണഭൂമിയിൽനിന്നു് വീരയോഗ്യമായ ശരീരവും പ്ലേറ്റോവിനു സിദ്ധിപ്പാനിടയായി. ഒടുവിൽ സ്വനഗരിയെ സ്പാർട്ട, കീഴടക്കിയതും കൊള്ളയിട്ടും തച്ചുടച്ചും നശിപ്പിച്ചതും പ്ലേറ്റോ കണ്ടുനിന്ന കാഴ്ചകളായിരുന്നു. അഭ്യന്തരാവസ്ഥകളും ഒട്ടും തന്നെ സമാധാനസന്ദായകമായിരുന്നില്ല. മുപ്പതു നിഷ്ഠുണ്ടകന്മാരുടെ മൃഗീയമായ ദുർഭരണാവസരത്തിൽ മററനേകം മഹാശയന്മാൎക്കനുഭവമായതുപോലെ കാരാഗൃഹമോ മരണമോ കൂടാതെ പ്ലേറ്റോ രക്ഷപ്പെട്ടതുതന്നെ ആശ്ചൎയ്യകരമായിരിക്കുന്നു. നിഷ്ഠുണ്ടകന്മാരിൽ ഒരാളായ ക്രിതിയസ് പ്ലേറ്റോവിന്റെ ബന്ധുവാകയാൽ അങ്ങിനെ സാധിച്ചതായിരുന്നുവത്രെ. അതിനുശേഷം എട്ടുവൎഷങ്ങളോളം സോക്രട്ടീസിന്റെ ശിഷ്യഗണങ്ങളിൽ ചേൎന്നു തത്വചിന്താവ്യവസായത്തിൽ കാലയാപനംചെയ്യാൻ ഈ ചിന്താചക്രവൎത്തിക്കിടയായതു കഴിഞ്ഞ നൂററാണ്ടുകളിൽ ജീവിച്ചിരുന്ന മനുഷ്യരുടെ ഭാഗ്യാതിരേകം എന്നേ പറയേണ്ടതുള്ളു. ശിഷ്യന്മാരും സ്നേഹിതന്മാരുമായി നാനാവിഷയങ്ങളെ പുരസ്കരിച്ചു സോക്രട്ടീസ്സ് നടത്തിയ സംവാദസഹസ്രങ്ങളെ പ്രശ്നോത്തരരീതിയിൽ ഏററവും സമൎത്ഥമായി ഇദ്ദേഹം ക്രോഡീകരിച്ചു ലേഖനംചെയ്തതു സഹൃദയഹൃദയാഹ്ളാദകരമായ സാഹിത്യസമ്പത്തായിത്തീൎന്നിരിക്കുന്നു. ദ്രോഹബുദ്ധികളായ ശത്രുക്കളുടെ കുടിലതകാരണം വിഷപാനത്താൽ ഗുരുദേവൻ ജീവത്യാഗം ചെയ്ത ശാന്തഗംഭീരവും സന്താപാകുലവും ആയ ആ അന്ത്യരംഗത്തേയും, പ്രിയരും യോഗ്യരുമായ ശിഷ്യന്മാരുമായുള്ള അദ്ദേഹത്തിന്റെ ഒടുവിലത്തെ സമാഗമത്തെയും പ്ലേറ്റോവിന്റെ തൂലിക ഏററവും ഉൽകൃഷ്ടവും ഹൃദയാവൎജ്ജകവുമായ ഗദ്യനൈവേദ്യമായി വിശ്വസാഹിത്യത്തിനു സമൎപ്പണം ചെയ്തിരിക്കുന്നു.

ഈ ദാരുണസംഭവത്താൽ ഭഗ്നഹൃദയനായ പ്ലേറ്റോ സ്വദേശംവിട്ടു ലോകസഞ്ചാരത്തിന്നിറങ്ങി. ഈജിപ്ത്, പലസ്തീൻ, ചൈന മുതലായ വിദൂരദേശങ്ങൾ സന്ദൎശിച്ചു. അദ്ദേഹം കേവലം കാഴ്ചപ്രിയനായ ഒരു സഞ്ചാരിയായിരുന്നില്ല. പ്രഖ്യാതന്മാരായ പണ്ഡിതന്മാരുടേയും ചിന്തകന്മാരുടേയും സമ്പൎക്കത്താൽ അദ്ദേഹം തന്റെ വിജ്ഞാനഭണ്ഡാരത്തെ പൂൎവ്വാധികം സംപൂൎണ്ണമാക്കി. ഈ യാത്രയിൽനിന്നു മടങ്ങുന്ന സന്ദൎഭത്തിൽ സിസിലിയിലെ നിഷ്ഠുണ്ടകനായ ദയോനിസിയസ്സിന്റെ സ്യാലനായ ദയോന്റെ സ്നേഹം സമ്പാദിക്കുകയും ആ വഴിക്കു സൈറാക്യൂസിലെ കൊട്ടാരത്തിൽ ചെല്ലുകയും തന്റെ ധാൎമ്മികമായ രാജ്യതന്ത്രസിദ്ധാന്തങ്ങളെ രാജാവിനെ ഉൽബോധിപ്പിക്കുവാൻ സാധിക്കുകയും ചെയ്തു. എന്നാൽ ഒരു നാൾ പ്ലേറ്റോവിന്റെ നിശിതമായ വിമൎശത്താൽ കുപിതനായ രാജാവ് അദ്ദേഹത്തെ വില്പാനായി കപ്പൽ കയററിവിട്ടു. ഇരുപതു പവനു അദ്ദേഹം വില്ക്കപ്പെട്ടുക

യും ചെയ്തു. എന്നാൽ സഹൃദയനായ ക്രേതാവു ഈ മഹാശയനെ സ്വതന്ത്രനാക്കി സ്വദേശത്തേയക്കുകയാണ് ചെയ്തതു. ഈ അടിമയുടെ വിശാലമായ മാറും ശക്തിയുള്ള ചുമലും മാത്രം കണ്ടു മോഹിച്ചാണ് അദ്ദേഹം ഈ കച്ചവടം നടത്തിയിരുന്നതെങ്കിൽ ലോകത്തിനു എന്നും തീരാത്ത നഷ്ടം സംഭവിക്കുമായിരുന്നു. എന്തെന്നാൽ സോക്രട്ടീസിനെപററിയോ അദ്ദേഹത്തെത്തന്നെ പററിയോ ലോകം എന്നും അന്ധതയിലായിരുന്നേനെ.

സ്വദേശം പ്രാപിച്ച ഉടനെ അദ്ദേഹം നഗരപ്രാന്തത്തിൽ വിശാലമായ ഒരു തോപ്പിൽ തന്റെ വിശ്വവിഖ്യാതമായ തത്വചിന്താമന്ദിരം (academy) സ്ഥാപിച്ചു. ചിന്തകൊണ്ടും സഞ്ചാരംകൊണ്ടും വിവിധങ്ങളായ അനുഭൂതികളെക്കൊണ്ടും പക്വമനസ്കനായ ഇദ്ദേഹം മഹാനായ ഗുരുവിന്റെ പാരമ്പര്യത്തെ നിലനിർത്തി. ഇദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളിൽ അനവധി പുരുഷകേസരികൾ ഉൾപ്പെടും. വാചാലതയിൽ വിശ്വവിശ്രുതനായ ഡെമോസ്തനീസും സർവ്വശാസ്ത്രപിതാവായ അരിസ്റ്റോട്ടലും അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നു. നാല്പതു വർഷങ്ങളോളം ആ കലാലയത്തിൽ ആ മഹാശയൻ അദ്ധ്യാപനംനടത്തി. ദയോനിസിയസ്സിന്റെ നിര്യാണാനന്തരം അദ്ദേഹത്തിന്റെ പുത്രനായ രാജകുമാരനെ ശിക്ഷണംചെയ്തു ധൂർത്തജീവിതത്തിൽനിന്നു മോചിപ്പിക്കുവാനായി മാന്യസുഹൃത്തായ ദയോന്റെ ക്ഷണപ്രകാരം വീണ്ടും പ്ലേറ്റോ സൈറാക്യൂഡിലേക്കുപോയി. രാജശിഷ്യൻ ഭക്തിയോടും ഉത്സാഹത്തോടുംകൂടി ഗുരുമുഖത്തിൽനിന്നു ജീവിതത്തേയും രാജ്യഭരണത്തേയുംകുറിച്ചുള്ള പാഠങ്ങൾ ഗ്രഹിച്ചു. ആത്മശിക്ഷണത്തിന്നായി ഗുരുവിന്റെ നിർദ്ദേശപ്രകാരം ശിഷ്യൻ ഗണിതശാസ്ത്രത്തിൽ നിമഗ്നനായി. രാജധാനിയുടെ നിലത്തും ഭിത്തിയിലും ക്ഷേത്രഗണിതസംബന്ധമായ രേഖകളും രൂപങ്ങളും നിറഞ്ഞു. അതോടൊപ്പംതന്നെ രാജധാനിയിലെ ജീവിതം പരിഷ്കൃതമായി; ഭരണസമ്പ്രദായത്തിൽ മാററങ്ങൾവന്നു; സേനാബലം ചുരുങ്ങി; മർദ്ദനങ്ങൾ അസ്തമിച്ചുതുടങ്ങി. എന്നാൽ ഗുരു നിരന്തരമായി നിശ്ചയിച്ച തീവ്രപരീക്ഷകൾ കാലാന്തരത്തിൽ രാജാവിനു രുചിച്ചില്ല. അസൂയാലുക്കളായ സേവകന്മാർ ഈ തക്കം പാഴാക്കിയില്ല. കൊട്ടാരത്തിൽ ദയോന്റെ ശത്രുക്കൾക്കു ശക്തി വർദ്ധിച്ചിരുന്നു. ആ യോഗ്യപുരുഷനെ രാജ്യത്തിൽനിന്നു ഭ്രഷ്ടനാക്കുവാൻ അവർക്കു സാധിച്ചു. അതിനുശേഷം പ്ലേറ്റോവിന്റെ ജീവിതം വിഷമകരമായിത്തീർന്നു. ദയോനെ മടക്കിവിളിക്കുന്ന അവസരത്തിൽ വീണ്ടും താൻ വന്നുകൊള്ളാമെന്ന വാഗ്ദാനത്തോടുകൂടി രാജധാനി വിടുവാൻ രാജാവ് പ്ലേറ്റോവിനു അനുമതി നൽകി. തുറമുഖത്തുചെന്നു ഉപദേഷ്ടാവിനെ യാത്രയാക്കുമ്പോൾ "താങ്കൾ തത്വചിന്താമന്ദിരത്തിൽ തിരിച്ചെത്തിയാൽ ഈയുള്ളവനെപററി നിർദ്ദയമായി സംസാരിക്കരുതെ" എന്നു രാജശിഷ്യൻ വിനീതനായി പറഞ്ഞതിനു ആ സത്യാരാധകന്റെ കടുത്തമറുവചനം 'ദയോനിസിയസ്സിനെപററി സംസാരിക്കുവാനായി ഒഴിവുസമയം ഞങ്ങൾക്കു അവിടെ ഉണ്ടാകാതിരിക്കുവാൻ ദൈവം സഹായിക്കട്ടെ" എന്നായിരുന്നു. പത്തുകൊല്ലങ്ങൾക്കുശേഷം ദയോനിസിയസ്സിന്റെ ക്ഷണപ്രകാരം അദ്ദേഹം വീണ്ടും സൈറാക്യൂസിലേക്കു പോകുകയുണ്ടായി. രാജാവു സ്നേഹത്തോടും ബഹുമാനത്തോടുംകൂടി സ്വീകരിച്ചുവെങ്കിലും രാജമന്ദിരത്തിലെ അന്തരീക്ഷം അന്നും കന്മഷമയമായിത്തന്നെ ഇരുന്നു. ദയോന്റെ ഭ്രഷ്ടമോചനം അസാദ്ധ്യമായിത്തന്നെ കണ്ടു. തന്നെ വധിപ്പാൻപോലും സന്നദ്ധരായ ശത്രുക്കളുടെ മദ്ധ്യത്തിലാണ് താൻ നിവസിക്കുന്നതെന്നു പ്ലേറ്റോവിനു മനസ്സിലായ ഉടനെ അദ്ദേഹം രാജധാനിയിൽനിന്നു ഒരുവിധത്തിൽ രക്ഷപ്പെട്ടു സ്വദേശത്തു എത്തി

Visit 'BADSHASTORES' Calicut.

THE BEST SHOPPING CENTRE ON WEST COAST
For almost anything & everything
up-to-date in PIECE GOODS
and FANCY ARTICLES.
Prices DefY competition.

കോഴിക്കോട്
'ബാദ്ഷാ സ്റ്റോർസ്സിൽ'
എല്ലാതരം തുണിച്ചരക്കുകളും മററു
സാധനങ്ങളും വളരെ ആദായത്തിൽ
കിട്ടുന്നതാണ്.

S. H. BADSHA SAHEB & CO.,
HUZUR ROAD,
CALICUT.

ച്ചേൻ. ഇതിനുശേഷം ഏതൻസിൽതന്നെ സ്ഥിരതാമസമാക്കി അനവധി ശിഷ്യന്മാരുടെയും സുഹൃത്തുക്കളുടെയും മദ്ധ്യേ അദ്ധ്യാപനത്തിലും ഗ്രന്ഥനിൎമ്മാണത്തിലും അദ്ദേഹം കാലം കഴിച്ചു.

Apologia (ന്യായീകരണം) എന്ന ഗ്രന്ഥത്തിൽ ആൽസി ബൈയഡിസ് എന്ന യുവാവിനെ ദുൎമ്മാൎഗ്ഗിയാക്കിയെന്നും രാഷ്ട്രത്തിന്റെ മതവിശ്വാസങ്ങളെ ധ്വംസനംചെയ്യുന്നവനെന്നുമുള്ള കുററാരോപണങ്ങൾക്കു ഗുരുതൻ അനൎഹനാണെന്നു തെളിയിക്കുകയും രാഷ്ട്രം വിധിച്ച വധശിക്ഷക്കു വിധേയനാകുവാൻ ഒരുങ്ങിയ ഗുരുവിന്റെ നയത്തെ ശക്തിമത്തായി ന്യായീകരിക്കുകയും ചെയ്തിരിക്കുന്നു.

Fido എന്ന ഗ്രന്ഥത്തിൽ ആത്മാവിന്റെ അനശ്വരതയെപ്പററിയും ഗതിവിശേഷത്തെപ്പററിയും സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. ആത്മാവ് അനശ്വരമാണെന്നും അതു മാറിമാറി ദേഹങ്ങൾ കൈക്കൊള്ളുന്നുവെന്നും അദ്ദേഹം വിശ്വസിച്ചു. ഇന്ദ്രിയദ്വാരാ പ്രത്യക്ഷമാകുന്ന ഈ പ്രപഞ്ചം കേവലം ഭാവനാമാത്രമാണെന്നും ആശയങ്ങളുടെ ക്ഷണികവും അപൂൎണ്ണവുമായ പ്രതിരൂപങ്ങൾ മാത്രമാണ് ഭൗതികവസ്തുക്കൾ എന്നും അദ്ദേഹം വിശ്വസിച്ചു. വസ്തുക്കളുടെ ഗുണാഗുണങ്ങൾ അന്തൎദ്ദൃഷ്ട്യാ ഗ്രഹിക്കുന്നതും ധൎമ്മാധൎമ്മങ്ങളെ വേൎതിരിച്ചറിയുന്നതുമാണ് യഥാൎത്ഥജ്ഞാനമെന്നും മനുഷ്യന്റെ ഹൃദയത്തിലും പ്രകൃതിയിലും പ്രവൎത്തിക്കുന്ന ഏകശക്തിയായ പ്രേമത്താൽ മാത്രമേ ജ്ഞാനം സംപ്രാപ്തമാകുകയുള്ളുവെന്നും പ്രേമത്താൽ ഉൽഭാസിതമായ ജ്ഞാനം ആനന്ദദായകമാണെന്നും ആ ആനന്ദമാണ് പരമാൎത്ഥമെന്നും ഈ തത്വജ്ഞാനി ഉൽഘോഷിച്ചു.

Republic എന്ന ഗ്രന്ഥത്തിൽ മനുഷ്യന്റെ സാമൂഹ്യമായ ജീവിതത്തിനു പൎയ്യാപ്തമായ ഒരുത്തമ രാഷ്ട്രഘടനയെ ഭാവനാസമ്പന്നനും ആദൎശധന്യനും ആയ ഈ മഹാൻ ലളിതമായി ചിത്രണം ചെയ്തിരിക്കുന്നു. വ്യാമോഹചിന്തകന്മാർ സ്വപ്നം കണ്ടുകൊണ്ടിരിക്കുന്ന സ്വൎഗ്ഗരാജ്യത്തിന്റെ ബീജം ആ ചിത്രണത്തിലടങ്ങിയിരിക്കുന്നു. പ്രജായത്തഭരണത്തിൽ അദ്ദേഹത്തിനു വിശ്വാസമുണ്ടായിരുന്നില്ല. ഏതൻസിന്റെ ക്ഷയത്തിനു കാരണം ആ സമ്പ്രദായമാണെന്നു അദ്ദേഹം വിശ്വസിച്ചു. അദ്ദേഹത്തിന്റെ വ്യവസ്ഥയിൽ രാഷ്ട്രം യഥാൎത്ഥജ്ഞാനികളായ സ്വല്പം ചില തത്വചിന്തകന്മാരുടെ ഭരണത്തിലായിരിക്കണം. സ്വത്തുക്കളെല്ലാം രാഷ്ട്രത്തിന്റേതായിരിക്കും; വ്യക്തികൾക്കവകാശമില്ല. വിവാഹനിശ്ചയംപോലും രാഷ്ട്രം ചെയ്തുകൊള്ളും. സന്താനങ്ങളെ പിതാക്കൾ കാണുകയോ അറിയുകയോവേണ്ടതില്ല. സ്ത്രീപുരുഷവ്യത്യാസമില്ലാതെ എല്ലാ ബാലൎക്കും രാഷ്ട്രം വിദ്യാദാനം ചെയ്തുകൊള്ളും. സുദൃഢമായ ഒരു വിദ്യാപദ്ധതികൊണ്ടു പൌരന്മാരിൽ ജ്ഞാനവും, ധൈൎയ്യവും, മിതശീലവും വളൎത്തി സമുദായജീവിതം സുമധുരവും സുഗമവുമാക്കേണ്ടതു രാഷ്ട്രത്തിന്റെ ധൎമ്മമാണ്. ഇങ്ങിനെ വ്യവസ്ഥകൊണ്ടു സൌഷ്ഠവവും, നിയമംകൊണ്ടു സൎവ്വാശ്ലേഷകവും, നിഷ്കൎഷകൊണ്ടു ശക്തവും ആയ ആ സ്വപ്നരാഷ്ട്രം അനേകം നൂററാണ്ടുകളായി ആദൎശശാലികളെ പുളകം കൊള്ളിക്കുന്നതിൽ എന്താണാശ്ചൎയ്യമുള്ളതു?

---


## സി. എൽ. മാണി, സ്വൎണ്ണക്കച്ചവടം

### കോട്ടപ്പടി. ബ്രാഞ്ച്: ആററുപുറം, പുന്നയൂർക്കുളം

സ്വൎണ്ണം, വെള്ളി ഇവകൊണ്ടുള്ള എല്ലാതരം പണ്ടങ്ങളും ഉത്തരവാദത്തിന്മേൽ പണിചെയ്യിച്ചു കൊടുക്കുന്നതാണ്. കൂടാതെ ചങ്ങരംകുളം, ചാവക്കാട്, ആറവുപുറം, മാറഞ്ചേരി എന്നീ ചന്തകളിൽ കച്ചവടത്തിന്നായി വരുന്നതുമാണ്. ഒരിക്കൽ പരീക്ഷിക്കുവിൻ.

# *പാരിസ്സിൽ നിന്നു

Little Savoy Hotel,
8, Rue de Mont-Dore,
Paris,
5—8—1924.

ജൂലായി 31-ാംനു എഴുതിയ കത്തിൽ വിശ്രമാർത്ഥം കുറെ ദിവസം പാരിസ്സിൽ പോയി താമസിക്കുവാൻ വിചാരിക്കുന്നുണ്ടെന്നും പിറേറന്നു പുറപ്പെടുമെന്നും ഞാൻ എഴുതിയിരുന്നുവല്ലോ. അതുപ്രകാരം 1-ാംനു രാത്രി വണ്ടിക്കു ഇംഗ്ലണ്ടിലെ തെക്കെ കടൽക്കരയിലുള്ള ഫോക്കസ്റ്റൺ (Folkestone) എന്ന തുറമുഖത്ത് എത്തി, അവിടെ നിന്നു പിറെറന്നു രാവിലെ കപ്പൽ കയറി, ഇംഗ്ലീഷ്ചാനൽ കടന്നു, ബൊളോൺ (Boulogne) എന്ന ഫ്രഞ്ചു തുറമുഖത്തെത്തി. ബോളോണിൽ നിന്നു, അവിടത്തെ കസ്റ്റംസ് ഉദ്യോഗസ്ഥന്മാരുടെ സാമാനപരിശോധനകളെല്ലാം കഴിഞ്ഞു, വീണ്ടും വണ്ടികയറി ഉച്ചക്കുശേഷം പാരിസ്സിൽ എത്തി. റെയിൽവെസ്റ്റേഷനിൽനിന്നു ഒരു ടാക്സികാർ പിടിച്ചു ഞാൻ താമസിക്കുന്ന ഹോട്ടലിൽ വന്നുചേർന്നു. യാത്രക്കു അസൌകൎയ്യങ്ങളൊന്നും ഉണ്ടായിരുന്നില്ല, എന്നുതന്നെയല്ല, ഇംഗ്ലീഷ്ചാനലിൽ സാധാരണ ഉണ്ടാകാറുള്ള അസഹ്യമായ കടലിളക്കം അന്നില്ലാതിരുന്നതിനാൽ അല്പം ദൂരത്തേക്കുമാത്രമുള്ള കടൽയാത്ര വളരെ സുഖകരമായിരുന്നു. ഇവിടെ എത്തിയതു മുതൽ, ഇതേവരെ പകൽ സമയമെല്ലാം ഇവിടെയുള്ള കാഴ്ചസ്ഥലങ്ങൾ പോയിക്കാണുവാൻ ഉപയോഗിക്കുകയായിരുന്നു. ലണ്ടനിൽ വിനോദശാലകളെല്ലാം രാത്രി 1 മണിക്കു മുമ്പായി പൂട്ടി വരുന്നു. എന്നാൽ ഇവിടെ അങ്ങിനെയുള്ള വളരെയധികം സ്ഥാപനങ്ങൾ രാത്രി മുഴുവനും തുറന്നുവെക്കുന്നതുകൊണ്ടു 'പാരീസ് പട്ടണം ഉറങ്ങുന്നില്ല' എന്നൊരു ചൊല്ലുണ്ട്. ലണ്ടനിൽ നിന്നു 260 നാഴിക മാത്രമെ പാരിസ്സിലേക്ക് ദൂരമുള്ളുവെങ്കിലും ലണ്ടനും പാരിസും തമ്മിൽ പലവിധത്തിലും വളരെ അന്തരമുണ്ടെന്ന് ഇവിടെ എത്തുമ്പോഴേക്ക് തന്നെ ആർക്കും മനസ്സിലാകുന്നു. ബോളോണിൽ നിന്നു ഫ്രഞ്ചു തീവണ്ടിയിൽ കയറിയ ഉടനെ പരന്ത്രീസ്സുകാരുടെയും ആംഗ്ലേയരുടെയും സ്വഭാവ വ്യത്യാസം മനസ്സിലാക്കുവാൻ കഴിയുന്നതാണ്. ഇംഗ്ലീഷുകാർ സാധാരണയായി, രണ്ടുപേർതമ്മിൽ സംസാരിക്കേണമെങ്കിൽ മൂന്നാമതൊരാൾ അവരെ പരിചയപ്പെടുത്തേണ്ടതുണ്ട്. അതിനാൽ തീവണ്ടിയിലും മററും യാത്രചെയ്യുമ്പോൾ ഇങ്ങിനെ പരിചയപ്പെടാനുള്ള അവസരം ലഭിച്ചിട്ടില്ലെങ്കിൽ യാത്രക്കാർ തമ്മിൽ സംസാരിക്കാതെ മൌനം ദീക്ഷിച്ച് കടലാസ്സ് വായിച്ചു കൊണ്ടിരിക്കുകയാണ് പതിവ്. എന്നാൽ 'ഫ്രഞ്ചു തീ

---

* ഡിവിഷനൽ ഇൻസ്പെക്ടർ ഖാൻബഹദൂർ കെ. മുഹമ്മത് സാഹിബ് വിദ്യാഭ്യാസപരിശീലനാർത്ഥം ഇംഗ്ലണ്ടിൽ പോയിരുന്ന കാലത്തു വിവിധസ്ഥലങ്ങളിൽനിന്നു അദ്ദേഹം തൻെറ പിതാവിനു അയച്ചിട്ടുള്ള ചില കത്തുകളാണ് അദ്ദേഹത്തിൻെറ അനുമതിയോടുകൂടി ഞങ്ങൾ ഈ പംക്തിയിൽ പ്രസിദ്ധംചെയ്യുന്നതു. ഇന്നു ഫ്രാൻസ് പ്രത്യേകം പൊതുജനശ്രദ്ധക്കു വിഷയീഭവിച്ചിരിക്കകൊണ്ടു കത്തുകൾ തുടർച്ചയായി പ്രസിദ്ധപ്പെടുത്തുന്നതിനു പകരം സന്ദർഭം ഓർത്തു ഈ കത്തിനു മുൻഗണന നൽകിയതാണ്. (പ.)

വണ്ടിയിൽ കയറിയ ഉടനെ നമ്മുടെ നാട്ടിലെ യാത്രക്കാരെപ്പോലെ ഫ്രഞ്ചുകാർ അവരുടെ 'മുറി' ഇംഗ്ലീഷിൽ സംസാരിച്ചു യാത്രക്കാരെപ്പററിയുള്ള പൂർണ്ണവിവരം സമ്പാദിക്കുവാൻ തുടങ്ങുന്നു. 'എവിടെ നിന്നു വരുന്നു', 'എങ്ങോട്ടാണു് പോകുന്നതു്', 'ഏതാണു് രാജ്യം', 'എന്താണു് പ്രവൃത്തി', എന്നീ വിവരങ്ങൾ യാതൊരു കൂസലും കൂടാതെ അവർ ചോദിച്ചറിയുന്നു; തങ്ങളുടെ കയ്യിലുള്ള ഭക്ഷണസാധനങ്ങളും പഴങ്ങളും മററും കഴിക്കുന്നതിനു വിരോധമുണ്ടോ എന്നു ചോദിക്കുകയും ചെയ്യും. കുറെ ചുറുചുറുക്കോടുകൂടിയും കൈകൊണ്ടും മററും ആംഗ്യങ്ങൾ കാണിച്ചുകൊണ്ടും ആണു് അവർ സംസാരിക്കുക. മൊത്തത്തിൽ ഫ്രഞ്ചുകാർ ഇംഗ്ലീഷുകാരെക്കാളും കുറിയവരാണു്. തങ്ങളുടെ രാജ്യം ലോകത്തിൽ വെച്ചു് ഏററവും ഉത്തമമാണെന്നു് സൂചിപ്പിച്ചു തങ്ങളുടെ അതിയായ സ്വരാജ്യസ്നേഹം വെളിപ്പെടുത്തുന്നതോടുകൂടി ആംഗ്ലേയരോടു അവക്കുള്ള അസൂയയും സംസാരത്തിൽ പ്രത്യക്ഷപ്പെടുത്തുന്നു.

പാരിസ് പട്ടണം ലണ്ടനേക്കാൾ കൌതുകമേറിയതാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ലണ്ടനെപ്പോലെതന്നെ ഇവിടുത്തെ വിസ്താരമേറിയ തെരുവീഥികൾ വളരെ വൃത്തിയായി വെച്ചിട്ടുണ്ടു്. എന്നാൽ ഇവിടുത്തെ തെരുവുകളുടെ ഇരുഭാഗത്തും ഏപ്പാടുചെയ്തിട്ടുള്ള കാൽനടപ്പാതകളിൽ കൃത്യമായ ദൂരത്തിൽ വെച്ചു പിടിപ്പിച്ചിട്ടുള്ള ഒരു തരം ചെറിയ മരങ്ങൾ ഈ തെരുവുകൾക്കു ഒരു പ്രത്യേക ഭംഗി നൽകുന്നു. ലഘുഭക്ഷണഷാപ്പുകളുടെ മുമ്പിലിരുന്നു ചായ കുടിക്കുന്ന സമ്പ്രദായം ഇംഗ്ലീഷുകാക്കില്ല. എന്നാൽ അങ്ങിനെയുള്ള ഷാപ്പുകളുടെ മുൻപിൽ വളരെ ജനക്കൂട്ടം ഒന്നായി ഇരുന്നു കാപ്പിയും കുടിച്ചു സംഗീതവും കേട്ടു ഇവിടുത്തെ ജനങ്ങൾ ആനന്ദിക്കുന്നു. ചായക്കു പകരം കാപ്പിയാണു് ഇവിടുത്തുകാർ അധികവും ഉപയോഗിക്കുന്നതു. ലണ്ടനിലേതുപോലെ ജനസഞ്ചാരമോ വാഹ


"CROWN BRAND" Underwears for You!

WHETHER WAR OR NO WAR

We are always at your Service

Insist on CROWN BRAND and CROWN BRAND alone

CHEAP AND DURABLE

BEST BY EVERY TEST

*Manufactured by:—*

MALABAR & PIONEER HOSIERY, LTD.

CHALAPURAM P. O., CALICUT.

SPORTS SHIRTS ARE OUR SPECIALITIES.

നങ്ങളുടെ ഗതാഗത നിയന്ത്രണമോ അത്രയും ചിട്ടയായും ശുഷ്കാന്തിയോടുകൂടിയും ഇവിടെ ഏൎപ്പെടുത്തിക്കാണുന്നില്ല. കാറുകളും മററു വാഹനങ്ങളും അതിശീഘ്രം ഓടിച്ചും പോലീസുകാരുടെ കല്പന അനുസരിക്കാതെയും ഇടക്കിടക്ക് വാഹനങ്ങളുടെ ഡ്രൈവർമാരും പോലീസ്സുകാരും കലശൽകൂട്ടുന്നതു കാണാം. എന്നാൽ ലണ്ടനിൽ പോലീസുകാരൻ കൈപൊക്കിയാൽ ഏതു വാഹനവും പെട്ടന്നു നിൎത്തുന്നു. ഇവിടുത്തെ വാഹനങ്ങൾ റോഡുകളുടെ വലത്തു ഭാഗത്തുകൂടി പോകണമെന്നാണു നിബന്ധന. റോഡുകളുടെ വലത്തു ഭാഗത്തുകൂടി യാത്രചെയ്തു് ശീലിച്ചതുകൊണ്ടു ഇതു മനസ്സിൽ ഒരു പരിഭ്രമത്തിന്നിടയാക്കിത്തീൎക്കുന്നു. വാഹനങ്ങളുടെ തിരക്കു ലണ്ടനിലുള്ളതിലധികം ഇവിടെയുണ്ടെന്നു പറയാം. 'റൂ റോയൽ' (Rue Royale) എന്ന തെരുവിന്റെ ഒരു മൂലയിൽകൂടെ വൈകുന്നേരം 3 മണി മുതൽ 7 മണി വരെ ഒരു ദിവസം കടന്നുപോകുന്ന പലവിധവാഹനങ്ങളുടെ കണക്ക് ഇതിനിടെ എടുത്തപ്പോൾ അതു്, 85,500 ഉണ്ടെന്നു കണ്ടിരിക്കുന്നു. ഈ പട്ടണത്തിൽ 29 ലക്ഷത്തിലധികം ജനങ്ങൾ താമസിച്ചു വരുന്നു. ഇവിടെ 2716 തെരുവുകളും ഉണ്ടത്രെ; പട്ടണത്തിന്റെ വിസ്തീൎണ്ണം 30 ചതുരശ്രനാഴികയാണ്. ലണ്ടനിലുള്ളതുപോലെ ഇവിടെയും ഭൂഗൎഭറെയിൽവണ്ടികൾ ഉണ്ട്. എന്നാൽ അത്രയും നന്നായി നടത്തിക്കാണുന്നില്ല. പല ദേശങ്ങളിലേക്കു പോകുവാനായി ഇവിടെ സാധാരണ റെയിൽവെസ്റ്റേഷനുക

"കേരള റോസ്സ് സോപ്പ്" ഇന്നും പുതുമ യേറിയതത്രെ !
ഏജണ്ട്:—ആർ. സി. ലാൽ, കോഴിക്കോട്.

ൾ ഒമ്പത് എണ്ണം ഉണ്ട്. പട്ടണത്തിന്റെ മിക്ക ഭാഗങ്ങളിലേക്കും ട്രാമും ബസ്സും വഴിയായി യാത്രചെയ്യാം.

ഫ്രാൻസ് വളരെ പുരാതനമായ ഒരു രാജ്യമാകകൊണ്ടും പരന്ത്രീസുകാർ എല്ലാ കലകളിലും വളരെ നിപുണന്മാരാകകൊണ്ടും ഇവിടെ എത്രയൊ അധികം ചരിത്രപ്രധാനമായ കാഴ്ചസ്ഥലങ്ങളുണ്ടെന്നു പറയേണ്ടതില്ലല്ലോ. ഇവിടുത്തെ എടുപ്പുകളെല്ലാം വളരെ കൌതുകമേറിയവയുമാണ്. ലോകത്തിലെ പരിഷ്കരിച്ച എല്ലാ രാജ്യങ്ങളിൽനിന്നും വളരെ ധനവാന്മാർ നിരന്തരമായി ഇവിടെ വന്നു സുഖമെടുക്കുന്നതുകൊണ്ടു പരിഷ്കാരത്തിന്റെ മൂർദ്ധന്യത്തിലെത്തിയ ഒരു പട്ടണമാണ് പാരിസ് എന്നു പറയാം. യൂറോപ്യൻരീതിയിലുള്ള സ്ത്രീകളുടെ ഉടുപ്പുകൾക്കും മററു അലങ്കാരങ്ങൾക്കും പാരിസ്സാണ് നേതൃത്വം നൽകുന്നത്. അതിനാൽ ഇവിടുത്തെ ജീവിതം വളരെ പണച്ചെലവുള്ളതാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. പാരിസ് പട്ടണം സീൻ (Seine) എന്ന നദിയുടെ ഇരുഭാഗങ്ങളിലായി സ്ഥിതിചെയ്യുന്നു. പട്ടണത്തിന്റെ നടുവിൽക്കൂടെ ഈ നദി ഒന്നു തിരിഞ്ഞു വളഞ്ഞൊഴുകുന്നതിനാൽ അതിന്റെ കരകൾക്കടുത്ത് പലഭാഗങ്ങളിലും വിസ്തീർണ്ണമായും ഭംഗിയായും ഏർപ്പാടുചെയ്തിട്ടുള്ള പാർക്കുകൾ (വലിയ തോട്ടങ്ങൾ) പട്ടണത്തിന്റെ കൌതുകത്തെ പൂർത്തീകരിക്കുന്നു. നദിയുടെ ഇരുഭാഗത്തേക്കും ഗതാഗതത്തിന്നായി അൻപതിൽ അധികം വിശേഷപ്പെട്ട പാലങ്ങളുണ്ട്.

സന്ദർശകന്മാരെ ആദ്യമായി ആകർഷിക്കുന്ന കാഴ്ചകളിൽ ഒന്ന് ഇവിടുത്തെ 'ആർക് ഡി ട്രയോംഫ്'(Arc de Triomphe)എന്ന ചരിത്രപ്രധാനമായ ഒരു കമാനത്തോടുകൂടിയ ഗെയിററാകുന്നു. ശില്പകലയിൽ എത്രയോ പ്രാധാന്യമർഹിക്കുന്ന ഒന്നാണത്രെ ഇത്. ഇതിന്നു 148 അടി പൊക്കവും 147 അടി വീതിയും 72 അടി ഉള്ളളവും ഉണ്ടെന്നും ഇതു ലോകത്തിൽവെച്ചു ഏററവും വലിയ കമാനമാണെന്നും അറിയപ്പെടുന്നു. നെപ്പോളിയന്റെ കാലത്തു ഒരു യുദ്ധവിജയത്തിന്റെ ഓർമ്മക്കായി പണിചെയ്തതാണ് ഇത്. 1919 ജൂലായി 14-ാംനു ജർമ്മനിയുമായുള്ള യുദ്ധം വിജയത്തിൽ കലാശിച്ചപ്പോൾ അന്നത്തെ സഖ്യസൈന്യങ്ങൾ വിജയഭേരിയടിച്ചു ഈ കമാനത്തിന്നുള്ളിൽക്കൂടെയാണ് യാത്ര ചെയ്തത്. ആ വിജയത്തെ ഓർമ്മിപ്പിക്കുന്നതിന്നായും ഈ കമാനംതന്നെയാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. നെപ്പോളിയന്റെ കാലത്തും അതിന്നുശേഷവും നടന്ന പ്രധാന യുദ്ധങ്ങളുടെയും അതിൽ സംബന്ധിച്ച വലിയ യോദ്ധാക്കളുടെയും പേരുകൾ ഈ കമാനത്തിന്റെ ചുമരുകളിൽ കൊത്തിവെച്ചിട്ടുണ്ട്. ഇവിടുത്തെ മററുകാഴ്ച സ്ഥലങ്ങളെക്കുറിച്ചുള്ള ഒരു ചെറുവിവരണം ഇനിയൊരു കത്തിൽ കൊടുത്തുകൊള്ളാം.

നാട്ടിൽ ഭയങ്കരമായ ഒരു വെള്ളപ്പൊക്കവും, കൊടുങ്കാററും ഉണ്ടായിട്ടുണ്ടെന്ന ഒരു കമ്പിവാർത്ത ലണ്ടനിൽനിന്നു പോരുന്നതിന്നു മുൻപു അവിടുത്തെ വർത്തമാനക്കടലാസ്സുകളിൽ പ്രസിദ്ധംചെയ്തു കണ്ടിരുന്നുവെന്നു ഞാൻ ഇതിന്നുമുൻപെഴുതിയ കത്തിൽ പറഞ്ഞിരുന്നുവല്ലോ. അതിനെപ്പററി കൂടുതൽ വിവരമൊന്നും പിന്നെ അറിവാൻ സാധിച്ചിട്ടില്ല. ലണ്ടനിൽ ഞാൻ തിരിച്ചെത്തുമ്പോൾ അതിനെപ്പററിയുള്ള പൂർണ്ണവിവരം കത്തുകളാൽ അറിയുമെന്നു വിശ്വസിക്കുന്നു. ഏതായാലും ഈ ഭയങ്കരബാധയാൽ കഷ്ടപ്പാടനുഭവിക്കുന്ന ജനങ്ങൾക്കു, പ്രത്യേകിച്ചു സാധുജനങ്ങൾക്കു, വേണ്ട രക്ഷാമാർഗ്ഗങ്ങൾ നിവൃത്തിയുള്ളവർ സംഘടിപ്പിച്ചു ചെയ്തുകൊടുക്കുന്നുണ്ടെന്നു വിശ്വസിക്കുന്നു.

# കുറിപ്പുകൾ

—————:o:—————

## കടലാസ്സനിയന്ത്രണവും ഞങ്ങളും:—

യുദ്ധംകൊണ്ടുണ്ടായിട്ടുള്ള പരിതസ്ഥിതികൾനിമിത്തം ഈ രാജ്യത്തു നടപ്പിൽ വരുത്തിയിട്ടുള്ള ഗവമ്മെൻറുത്തരവുകളിൽവെച്ചു ഏററവും അയുക്തവും അപ്രായോഗികവുമായ ഒന്നാണു ഈയിടെ പാസ്സാക്കിയിട്ടുള്ള കടലാസ്സനിയന്ത്രണനിയമം. കടലാസ്സിൻെറ ഉൽപാദനം സാധാരണയിൽനിന്നു പെട്ടെന്നു 30 ശതമാനത്തിലെത്തിയിരിക്കകൊണ്ടു ചെലവു 70% കണ്ടു കുറക്കേണമെന്നാണു പ്രസ്തുത നിയമത്തിൻെറ ചുരുക്കം. പെട്ടെന്നു ഇത്തരം ഒരു നിയമം നടപ്പിൽ വരുത്തുന്നതുകൊണ്ടു പ്രസാധകന്മാരും, മുദ്രണശാലകളും എത്രകണ്ടു ചക്രശ്വാസം വലിക്കേണ്ടിവരുമെന്നു ഗവമ്മെൻറു ഗാഢമായി ആലോചിച്ചിരിക്കുമെന്നു ഞങ്ങൾക്കു വിശ്വസിയ്ക്കുവാൻ കഴിയുന്നില്ല. അതെന്തായാലും നിയമത്തെ പാലിക്കാതെ നിവൃത്തിയില്ലല്ലൊ.

വ്യക്തിപരമായ അവശതകളെ അധികൃതന്മാരെ അറിയിക്കുന്നതായാൽ ന്യായാനുസൃതം ഒഴികഴിവുകൾ ചെയ്യുന്നതാണെന്നു ഗവമ്മെൻറുത്തരവിൽ കാണുന്നതു ആശാവഹമായിട്ടുണ്ടു്. പക്ഷെ അത്തരം തീർപ്പുകൾ ലഭിയ്ക്കുന്നതുവരെ പ്രസിദ്ധീകരണങ്ങൾ നിർത്തിവെയ്ക്കുക സാദ്ധ്യമല്ലാത്തതുകൊണ്ടു നിയമത്തിൻെറ പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ടു പ്രവർത്തിക്കുകയേ ഇപ്പോൾ തരമുള്ളു. ഈ പരിതസ്ഥിതിയിലാണു ഈ ലക്കം റവ്യൂ ഞങ്ങൾ ക്ഷമായാചനത്തോടുകൂടി പുറത്തിറക്കുന്നതു്. റവ്യൂവിൻെറ ഉദ്ദേശത്തെയും ഉപയോഗത്തെയും ചൂണ്ടിക്കാണിച്ചു അതിനെ പതിവിൻപടി പ്രസിദ്ധീകരിപ്പാൻ ഉത്തരവുണ്ടാകുന്നതിന്നു അധികൃതന്മാരെ ഞങ്ങൾ സമീപിച്ചിട്ടുണ്ടു്. അതിന്നു അനുകൂലമായ മറുപടി കിട്ടുന്നതുവരെ നിയമാനുസൃതം ഉപയോഗിപ്പാൻ കഴിയുന്ന ഏററവുമധികം പേജുകളോടുകൂടി മാസിക പുറത്താക്കുവാനേ ഞങ്ങൾക്കു നിർവ്വാഹമുള്ളുവെന്നു വ്യസനസമേതം പ്രസ്താവിച്ചുകൊള്ളട്ടെ. ഞങ്ങളുടെ മാന്യവായനക്കാർ ഈ ഘട്ടത്തിൽ ഞങ്ങളോടു പൂർണ്ണമായി സഹകരിയ്ക്കുവാനഭ്യർത്ഥിക്കുകയും ഞങ്ങൾ പ്രതീക്ഷിക്കുന്ന ഗവമ്മെൻറുകല്പന കിട്ടിക്കഴിഞ്ഞാൽ വായനക്കാരുടെ അഭിലാഷത്തിന്നനുസരിച്ചു വീണ്ടും മാസിക ക്രമപ്പെടുത്തുന്നതാണെന്നു ഉറപ്പുനൽകുകയും ചെയ്തുകൊള്ളുന്നു. ഉപരിസൂചിതമായ കാരണങ്ങളാലാണു റവ്യൂവിൻെറ പല പ്രധാന പംക്തികൾ ഈ ലക്കത്തിൽ നിർത്തിവെക്കേണ്ടിവന്നിട്ടുള്ളതെന്നു ഇനി പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലൊ.

ഇവിടെ എല്ലാവിധ രോഗങ്ങളും എത്ര കാലപ്പഴക്കം ചെന്നതായാലും എളുപ്പത്തിൽ സുഖപ്പെടുത്തുന്നതിന്നുപുറമെ, ബാല്യചികിത്സക്ക അത്യുത്തമവും, കുട്ടികൾക്ക കഴിക്കുവാൻ വളരെ സ്വാദുള്ളതും, **വസൂരി, വയരി, കോളറ, ചൊറി, കൊക്കക്കുര** മുതലായ പകർച്ച്വ്യാധികൾ പിടിപെടാതിരിക്കുവാനും പിടിപെട്ടവർക്ക് എളുപ്പത്തിൽ സുഖപ്പെടുവാനും ഉള്ള ഹോമിയോ മരുന്നുകൾ കിട്ടുന്നതാകുന്നു.

ഉഷ്ണരോഗങ്ങൾ പിടിപെട്ടവർക്കും, പിടിപെട്ടതല്ലക്കാലം സുഖമായെങ്കിലും അതു സംബന്ധമായി ഉണ്ടാകുന്ന മററു പല രോഗങ്ങൾക്കും ഉള്ള ഹോമിയോപ്പതി മരുന്നുകൾക്ക്

Consult our Physician
M. KRISHNAN (Homoeo)

# ഇന്നു

എല്ലാവരും സമ്മതിക്കുന്നു, ജാതി മത തൊഴിൽ ഭേദമില്ലാതെ സകലക്കും അത്യാവശ്യമാണ് ഇൻഷൂറൻസ് എന്നു.

അധികവിവരങ്ങൾക്കാവശ്യപ്പെടുക: —

**കോച്ചാക്കാർ ബ്രദേർസ്, ലിമിററഡ്,**

ദക്ഷിണേന്ത്യക്കുള്ള പ്രധാന ഏജൻറ്മാർ,

ദി ബോംബെ ലൈഫ് അഷൂറൻസ് കമ്പനി, ലിമിററഡ്.,

പുതിയറ, കോഴിക്കോട്.

(ദക്ഷിണേന്ത്യയിൽ മുഴുക്കെ ബ്രാഞ്ചുകളും ഏജൻസികളും ഉണ്ട്.)

# മദനൻ

അതിയായ ക്ഷീണം, ഉത്സാഹക്കുറവു, ഓർമ്മശക്തി ഇല്ലായ്മ, ഉറക്കക്കുറവ, ഇന്ദ്രിയസ്ഖലനം മുതലായവയെ ഇല്ലാതാക്കി യുവത്വവും ആരോഗ്യവും സൌന്ദര്യവും നിലനിർത്തി ജീവിതത്തെ ആനന്ദസമ്പൂർണ്ണമാക്കുന്നു. 16 വയസ്സിനു മേലുള്ള സ്ത്രീപുരുഷന്മാർക്ക ഉപയോഗിക്കാം. വിശേഷപത്ഥ്യങ്ങൾ ഇല്ല.

60 ഗുളിക അടങ്ങിയ ഡപ്പി ഒന്നുക്ക് 2ക. മാത്രം.

**സ്വാമി രാമാനന്ദൻസ് സിദ്ധവൈദ്യാശ്രമം**

ബ്രാഞ്ച് ബാനർജി റോഡ്, എറണാകുളം **H. O. Trichur.**

# *Use* "CROWNBRAND TILES"

Managing Proprietor:—
P. K. NAIR.

REGD

TRADE MARK

Estd. 1920.

Tele { gram: NAIR, FEROKE
Phone: 70, Calicut.

Sales Depot &
Sranch Office at
Wolfendhol
Street, Colombo

14" gauge



Perfect Model

## Best quality "Crown" brand roofings and other tiles

**Stron, light & non-porous.**

Largely used throughout
INDIA, BURMA, CEYLON & F. M. S.

*Manufactured by:—*

**The Malabar Tile Works,**
**FEROKE, S. Malabar**

---

നമ്മുടെ നാട്ടുകാരാൽ നമ്മുടെ നാട്ടിൽ വെച്ചുണ്ടാക്കപ്പെടുന്ന

## തനി സ്വദേശി മേത്തരം തീപ്പെട്ടികൾ

കാലവ്യത്യാസം കൂടാതെ ഉപയോഗിക്കാവുന്നവ

**കേരള മാച്ച് ഫാക്ടറി, പൊന്നാണി, S മലബാർ.**

## നിങ്ങളുടെ കുട്ടികൾക്ക് സജീവമായ ആരോഗ്യം നേടുവാൻ

കൃത്രിമമായ അനുകരണങ്ങൾ നിഷേധിപ്പിൻ. നിങ്ങൾ വാങ്ങുന്നത് കോഴിക്കോട്ടു ഗവൎമ്മെണ്ട് ഓയൽ ഫാക്ടറിക്കാരാൽ ഉണ്ടാക്കപ്പെടുന്ന (മദിരാശി ഗവൎമ്മെണ്ട് ബ്രാണ്ട്) "ഷാർക്ക് ലിവർ ഓയിൽ" തന്നെയല്ലെ

എന്ന സൂക്ഷിച്ചു മനസ്സിലാക്കുക. എല്ലായിടത്തും കിട്ടും.

# SHARK LIVER OIL

MADRAS GOVERNMENT BRAND MGB

REFUSE SPURIOUS IMITATIONS

AVAILABLE EVERYWHERE

**GOVERNMENT OIL FACTORY, CALICUT**

ഏജൻറുമാർ:—മെസ്സേഴ്സ് പാരി & കമ്പനി, ലിമിററഡ്, മദിരാശി.

---

## ഏതുതരം അച്ചടിപ്രവൃത്തികളും, ബുക്ക് ബൈണ്ടിങ്ങും മിതമായ നിരക്കിൽ ഭംഗിയായും വൃത്തിയായും കൃത്യസമയത്ത് ചെയ്തുകൊടുക്കും.

അധിക വിവരങ്ങൾക്ക് അന്വേഷിക്കുക:—

# എമ്പയർ പ്രസ്സ്,

ബേങ്ക് റോഡ്,

കോഴിക്കോട്.

## വൈദ്യരത്നം പി. എസ്സ്. വാരിയരുടെ

# ആര്യവൈദ്യശാല, കോട്ടക്കൽ

ശാഖകൾ:— കോഴിക്കോട് & പാലക്കാട്.

സുമാർ നാല്പത്തീരാണ്ടുകാലമായി വൈദ്യരത്നം പി. എസ്സ്. വാരിയരവർകൾ "ആയുർവ്വേദ"ത്തിന്റെ അഥവാ "ആര്യവൈദ്യ"ത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നാനാപ്രകാരേണയും അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരിക്കുന്നതിന്റെ ഏറ്റവും വിജയകരമായ ഫലമാണ് "സാക്ഷാൽ ആര്യവൈദ്യശാല."

ശാസ്ത്രവിധിയിൽനിന്നു അണുപോലും വ്യതിചലിക്കാതെ, വൈദ്യരത്നത്തിന്റെതന്നെ ഏറ്റവും നിഷ്കൃഷ്ടമായ മേൽനോട്ടത്തിൽ പാകം ചെയ്യപ്പെട്ടിട്ടുള്ള ആയുർവ്വേദ ഔഷധങ്ങൾ താരതമ്യേന മിതമായ വിലക്ക് ഇവിടെ എപ്പോഴും തയ്യാറുണ്ടായിരിക്കും. രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കേണ്ടതിലേക്ക് വിദഗ്ദ്ധന്മാരായ വൈദ്യന്മാർ കോട്ടക്കലും ബ്രാഞ്ചുകളിലും എല്ലായ്പോഴും തയ്യാറുണ്ടായിരിക്കുന്നതാണ്. എന്നാൽ നവരക്കിഴി, തക്രധാര, പിഴിച്ചൽ മുതലായ പ്രധാനപ്പെട്ട ചികിത്സകൾക്കു കൂടുതൽ സൗകര്യം കോട്ടക്കൽതന്നെയാണ്. രോഗവിവരം വിശദമായി എഴുതിഅറിയിച്ചാൽ യാതൊരു പ്രതിഫലവുംകൂടാതെ ചികിത്സാനിർദ്ദേശങ്ങൾ മടക്കത്തപ്പാലിൽത്തന്നെ അയച്ചുകൊടുക്കുന്നതാണ്. മരുന്നുകൾ വി. പി. യായും അയച്ചുകൊടുക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കു മലയാളം, തമിഴ്, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള ഔഷധപ്പട്ടികകൾക്കാവശ്യപ്പെടുക. സൗജന്യമായി അയച്ചുകൊടുക്കുന്നതാണ്.

മാനേജർ.

# മേഘച്ഛായ

ജി. ശങ്കരക്കുറുപ്പ്.

മേഘസന്ദേശത്തിന്റെ ശബ്ദാർത്ഥസൗകുമാര്യം കളിയാടുന്ന പുതിയവിവർത്തനം. ഇതിന്റെ അവതാരികയിൽ ശ്രീമാൻ പി. ശങ്കരൻ നമ്പ്യാർ, എം. എ. എഴുതുന്നു: "വാസനാനുഗൃഹീതനും കവിധർമ്മമർമ്മജ്ഞനുമായഒരു കേരളീയ സഹൃദയവര്യന്റെ വിശദമനോമുകുരത്തിൽ നിഴലെടുത്തുയർന്നിട്ടുള്ള ഈ 'മേഘച്ഛായ'യെ അദ്ദേഹത്തിന്റെ പ്രതിഭയാകുന്ന മഴവില്ല് നെടുനീളം ഒളിവീശി അത്യാകർഷകമാക്കിയിരിക്കുന്നതു നോക്കുക! കവിസഹജമായ വിനയം നിമിത്തം മേഘാനുവാദംഎന്നതിനു പകരം 'മേഘച്ഛായ' എന്ന് ഇതിനു നാമകരണംചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും, വാസ്തവത്തിൽ മൂലത്തോട് ഏററവും യോജിച്ചുപോയിട്ടുള്ള ഒരു തർജ്ജമയാണിതെന്ന് ഒത്തുനോക്കിയാൽ സ്പഷ്ടമാകുന്നതാണ്". പി വി. കൃഷ്ണൻ നായർ, B. O. L, അവർകളുടെ വ്യാഖ്യാനത്തോടുകൂടി —

വില ഒരു ഉറുപ്പിക മാത്രം.

**THE DECCAN PUBLISHING HOUSE,**
**HUZUR ROAD, CALICUT.**

# STEEL SAFES
AND
# Strong Rooms Specialities



RENOWNED QUALITY AND WORKMANSHIP TO ANY SPECIFICATIONS.

**PRICES MODERATE**

## THE COMMONWEALTH TRUST, LTD.,

CALICUT, MALABAR.